L. № 7 of 1112 Dated 8-12-36. Reg. No. M. 3696 C 161.

# The Prakasam

PUBLISHED EVERY SUNDAY.

EDITOR-IN-CHIEF DR. KAMAL PASHA THAIL.

VOL. III. No. 13. | COCHIN—APRIL, 4 — 1937. | PRICE ANNA ONE

Insure With The Guardian of India Insurance Co., Ltd.



C. P. MAMMOO KEYI, M. L. C.

മസൂരി ചികിത്സയിൽ സ്വർണ്ണമെഡലും പ്രശംസാപത്രങ്ങളും ലഭിച്ചിട്ടുള്ള

## ഡാക്ടർ കമാൽപാഷാ തയ്യിൽ

എം. ഡി. എഫ്. ആർ. എച്ച്. എസ്സ് ന്റെ

## "മസൂരികാ പ്രതിവിധി"

(SMALL–POX–PREVENTIVE)

ഒരു കുപ്പി കയ്യിൽ കരുതിയാൽ മസൂരിയെ ഭയപ്പെടേണ്ട. പകരാത്തവർക്ക് നല്ല പ്രതിവിധിയായും, ദീനത്താൽ കിടപ്പിലായവർക്ക് ഫലമുള്ള ഔഷധമായും ഉപയോഗിക്കാവുന്നതാണ്. വില കുപ്പി 1ക്ക് 8ണ മാത്രം

മാനേജർ,
ദി കൽക്കത്താ മെഡിക്കൽ ഹാൾ & ഫാർമസി
കൊച്ചി.

N. B. രണ്ടു കുപ്പിയിൽ കുറഞ്ഞു വി. പി. അയക്കുന്നതല്ല

**For Repairing, casting and Turning of all kinds of Motor Machines & Engines**

*Apply to:—*

## The Sathar Mechanical Work Shop.

**Jew Town, COCHIN.**

*The only institution of its kind for prompt execution.*

CHARGES MODERATE.
SATISFACTION GUARANTEED.

*Proprietor.* M. A. Kareem Sait.

**For automobiles, accessories, spare parts, Batteries, Tyres, etc,**

*Apply to:—*

## THE KAREEM MOTOR STORES.

**Main Road COCHIN,**

*The Best and Cheapest House.*

**Proprietor, M. A. Kareem Sait.**

# ലാക്സിൻ

ലാക്സിൻമാത്രം കാര്യയോഗ്യമായ ഒരു സുഖവിരേചനചോക്ലറ്റാകുന്നു.

ലാക്സിൻ നല്ല രുചിയുള്ളതും വളരെ ഗുണമുള്ളതും പൂർണ്ണഫലമുള്ളതും ആകുന്നു.

ലാക്സിൻ ആമാശയസംബന്ധമായ എല്ലാസുഖക്കേടുകളും മാററി നല്ല വിശപ്പുണ്ടാക്കുന്ന ഒരു ടോണിക്കാകുന്നു.

ലാക്സിൻ ഒരു സുഖവിരേചനമാത്രമാകുന്നു. അല്ലാതെ, വല്ലാതെ വയറിളക്കി ആമാശയപക്വാശയങ്ങളെ താറുമാറാക്കുമെന്ന ഭയമേ വേണ്ട.

ലാക്സിൻ ഉപയോഗിച്ചാൽ അതു വയറിനെ ശുദ്ധമാക്കി ആമാശയപക്വാശയങ്ങളാദിയായ അവയവങ്ങൾക്കു പ്രകൃത്യാലുള്ള പ്രവർത്തനങ്ങൾക്കു സഹായിക്കുന്നു. ഒരിക്കൽ ഉപയോഗിച്ചാൽ എന്നും ഉപയോഗിക്കേണ്ട ഒരു ശീലമായിത്തീരുമെന്നു ഭയപ്പെടേണ്ടതില്ല.

ലാക്സിൻ സ്ത്രീകൾക്കും, പുരുഷന്മാർക്കും, വൃദ്ധന്മാർക്കും കുട്ടികൾക്കും എന്നുവേണ്ട എല്ലാവർക്കും ഒരുപോലെ എന്നും ഉപയോഗിക്കാവുന്നതാകുന്നു.

ലാക്സിൻ വൈദ്യലോകത്തിന്റെ പ്രശംസയ്ക്കു പാത്രമായിട്ടുള്ള ഒരു വിശേഷ സുഖവിരേചനയാകുന്നു.

ലാക്സിൻ തന്നെ ഉപയോഗിക്കുക.

കുപ്പി 1 ക്ക് രണ്ടണ മാത്രം.

ഡോസ്സ് — കുട്ടികൾക്ക് $\frac{1}{4}$ മുതൽ $\frac{1}{2}$ തോലവരെ
പ്രായമുള്ളവർക്ക് $\frac{1}{2}$ മുതൽ 1 തോലവരെ

രാത്രി ഉറങ്ങുന്ന സമയത്തോ, അതിരാവിലേയോ സേവിക്കാം. എല്ലാ ഔഷധശാലകളിലും കിട്ടും.

## കൽക്കത്താ മെഡിക്കൽ ഹാൾ, ആൻറ് ഫാർമസി കൊച്ചി.

## ബ്ലോക്കുകൾ വില്ക്കുന്നതാണ്.

"പ്രകാശ"ത്തിൽ പ്രസിദ്ധപ്പെടുത്തുന്ന ബ്ലോക്കുകൾ വില്ക്കുന്നതാണ്. ആവശ്യമുള്ളവർ വിലവിവരത്തിനു മറ്റും ആഫീസിലേക്കു എഴുതുക.

പുതിയ ബ്ലോക്കുകൾ ഭംഗിയായി മിതമായ ചാർജ്ജിൽ ചെയ്തുകൊടുക്കുന്നതിന്നു ഏർപ്പാടുകൾ ചെയ്തിരിക്കുന്നു. ആവശ്യമുള്ളവർ ഫോട്ടോ അഡ്വാൻസ് സഹിതം അയക്കുക.

മാനേജർ പ്രകാശം, കൊച്ചി.

# പ്രകാശം

| പുസ്തകം 3 | കൊച്ചി 1937 ഏപ്രിൽ 4-ാംനു-കൊ 1112 മീനം 22-ാംനു- ഞായറാഴ്ച. | ലക്കം 13. |
| --- | --- | --- |


## യുവാക്കൾ
## കൎത്തവ്യ നിരതരാകുവിൻ

(വക്കം എം. മുഹമ്മദ് സഈദ്.)

ഇന്നു് പരിഷ്ക്കാരകേന്ദ്രമായിത്തീൎന്നിരിക്കുന്ന പാശ്ചാത്യരാജ്യങ്ങൾ, അജ്ഞതയിലും അന്ധകാരത്തിലും ആണ്ടുകിടന്നിരുന്ന മദ്ധ്യകാലങ്ങളിൽ, മുസ്ലിങ്ങൾ ലോകത്തിന്റെ അധിപന്മാരും, അദ്ധ്യാപകന്മാരും ആയിരുന്നു. അവർ സൎവ്വത്ര പ്രബലന്മാരും പ്രഭാവശാലികളുമായിരുന്നു. ലോകചരിത്രത്തിൽ അതിശയനീയവും അന്യാദൃശവുമായ ഒരദ്ധ്യായം അവർ ചമയ്ക്കുകയുംചെയ്തു. എന്നാൽ ഈ ഐശ്വൎയ്യാധികാരങ്ങൾ എങ്ങിനെയാണ് അവൎക്കു കൈവന്നതെന്നു്, അവരുടെ പിൻഗാമികളെന്നു മിഥ്യാഭിമാനം കൊള്ളുകമാത്രം ചെയ്യുന്ന നാം അല്പമെങ്കിലും ആലോചിക്കേണ്ടതാണ്. അതു് മറെറാന്നുകൊണ്ടുമല്ല. അന്നത്തെ മുസ്ലിങ്ങൾ ഓരോരുത്തരും, അവൻ കുബേരനോ കുചേലനോ, ആയിരുന്നുകൊള്ളട്ടെ, തികച്ചും കൎത്തവ്യബോധമുള്ളവരും, അതിന്റെ നിൎവ്വഹണകാൎയ്യത്തിൽ സദാ ജാകരൂകന്മാരുമായിരുന്നു. കൎത്തവ്യനിർവഹണം അത്യന്താപേക്ഷിതമായ ഒരു കൎമ്മമായി അവർ കരുതിയിരുന്നു. അതിന്റെ സാദ്ധ്യതയ്ക്കായി എത്ര കഷ്ടാരിഷ്ടതകളേയും നിശ്ചഞ്ചലതയോടും നിർവികാരതയോടും കൂടി അവർ നേരിട്ടിരുന്നു. അവരിൽ ഏററവും ദുർബലനായവൻപോലും എപ്പോഴെങ്കിലും കൎത്തവ്യത്താൽ ഒന്നാജ്ഞാപിക്കപ്പെടട്ടേ, അപ്പോൾ കാണാം, അവന്റെ സമചിത്തതയും സമര സന്നദ്ധതയും.

ഇതായിരുന്നു അവൎക്കു സിദ്ധിച്ച സകല സൌഭാഗ്യത്തിന്നും ശ്രേയസ്സിന്നും കാരണം. ഈ വസ്തുതയെ തെളിയിക്കുന്ന എത്രയെങ്കിലും സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും തല്ക്കാലം അവയിൽ ഒന്നുമാത്രം ചുവടെ ഉദ്ധരിക്കാം.

അറേബ്യൻ മണൽക്കാട്ടിലെ അതിഭയങ്കരമായ ഒരു മദ്ധ്യാഹ്നം. മുകളിൽ, ആരുടേയും പുറം പൊള്ളിക്കുമാറുള്ള അത്യുഷ്ണ കിരണങ്ങൾ ചൊരിയുന്ന സൂൎയ്യഗോളം താഴത്തു് ചുട്ടുപഴുത്ത എരി മണൽപ്പുറം. എന്നാൽ ഇതിലൊന്നും ലേശവും കൂസാതെ ഒരു വയോധികൻ— വളരെക്കാ-



ലെനിൻ

ബോൾഷെവിക്ക് റഷ്യയുടെ ജനയിതാവ്.

-ലം ജീവിതഭാരം ചുമക്കുകയാൽ അകത്തോട്ടല്പം വളഞ്ഞ കൃശഗാത്രനായ ഒരാൾ— തനിക്കേററവും പ്രിയപ്പെട്ട എന്തോ കാണാതെ പോയതു് അന്വേഷിക്കുന്ന ഭാവത്തിൽ അവിടെ അങ്ങോട്ടും ഇങ്ങോട്ടും വ്യഗ്രതയോടെ ഓടിനടക്കുന്നുണ്ടായിരുന്നു. വിലയേറിയതല്ലെങ്കിലും, നിൎമ്മലമായ അയഞ്ഞ നെടുംകുപ്പായം വിയൎത്തൊലിക്കുന്ന ആ ദേഹത്തോടു ഒട്ടിപ്പിടിച്ചുകിടന്നിരുന്നു. സൎവ്വ ജീവജാലങ്ങളും ഏതെങ്കിലുമൊരു അഭയം തേടിപ്പിടിച്ചു വിശ്രമിക്കുന്ന ഈ ദുസ്സഹ വേളയിൽ, സ്വഗൃഹത്തിൽ കളത്രപുത്രപൌത്രാദികളുമൊന്നിച്ചു അവരുടെ പരിചരണങ്ങളേററും അവരെ പരിലാളിച്ചും ജീവിതശേഷം സമാധാനത്തിലും സംതൃപ്തിയിലും കഴിച്ചുകൂട്ടേണ്ട ഈ കാലഘട്ടത്തിൽ, ആരുമേതുമൊരു തുണയില്ലാതെ ഏതിനേയോ തിരഞ്ഞു ഏകനായിങ്ങനെ അലഞ്ഞുതിരിഞ്ഞു കഷ്ടപ്പെടുന്ന ഈ മനുഷ്യൻ ആരായിരിക്കാം. ഇന്നത്തെ, ബ്രിട്ടീഷ്, ഫ്രെഞ്ച്, ജൎമ്മൻ എന്നീ മൂന്നു സാമ്രാജ്യങ്ങളും ഒന്നിച്ചു ചേൎത്താലത്തെക്കാൾ വിസ്താരമേറിയതായിരുന്ന ഇസ്ലാം സാമ്രാജ്യത്തിന്റെ ഭരണകൎത്താവും കിഴക്കോട്ടു, ഇൻഡ്യവരേയും, പടിഞ്ഞാട്ടു, ഗ്രാനഡാ വരേയുമുണ്ടായിരുന്ന സകല സാമ്രാട്ടുകളേയും നാമമാത്ര ശ്രവണത്താൽ കിടുകിടാ വിറപ്പിച്ചിരുന്ന ഒരു സൈന്യവിഭാഗത്തിന്റെ നായകനും, റോമാക്കാരുടെ പ്രാബല്യ പ്രതാപങ്ങളും പേൎസ്യക്കാരുടെ പ്രഭാവശൌൎയ്യങ്ങളും തങ്ങളുടെ കാൽചുവട്ടിലാക്കി ചുവട്ടിത്തേച്ച ആ വീരയോദ്ധാക്കളുടെ ഏക ശാസിതാവുമായിരുന്ന രണ്ടാം ഖലീഫാ ഉമർ ഖത്താബ് (റ) അല്ലാതെ മററാരുമായിരുന്നില്ല അതു്. മാന്യ സഹോദരരേ, അദ്ദേഹം തീയെതിർവെയിൽ ചൊരിഞ്ഞു കാനൽപ്രവാഹം തിളങ്ങിമിന്നുന്ന ഈ മണലാരണ്യത്തിൽ ഈ വിധം ചുററിത്തിരിയുവാനുള്ള ഹേതുവെന്താണ്? ബയ്ത്തുൽമാലി (പൊതുമുതൽ) ൽപെട്ട ഒരു ഒട്ടകത്തെ കാണാതെ പോയി. ഖലീഫായായ അദ്ദേഹം അതിന്റെ സൂക്ഷിപ്പുകാരനായതിനാൽ, അതിനെ അന്വേഷിച്ചു കണ്ടുപിടിക്കേണ്ടതു് തന്റെ കൎത്തവ്യമായതുകൊണ്ടു്, അതിനെ തെരഞ്ഞു വലയുകയായിരുന്നു. കൎത്തവ്യനിർവഹണവ്യഗ്രതയാൽ അന്തരംഗം ആളിക്കത്തുമ്പോൾ ബഹിർലോക ദുരിതങ്ങൾ പലപ്പോഴും മനുഷ്യർ ഓൎക്കാറില്ല.

അദ്ദേഹം അന്വേഷണം തുടൎന്നുകൊണ്ടിരുന്നു. അപ്പോൾ അഹ്നഫിന്റെ നേതൃത്വത്തിൽ ഒരു സംഘം ആളുകൾ അവിടെ വന്നു. അവർ ഖലീഫായുടെ ഈ ഉദ്യമംകണ്ടു് അത്ഭുതാധീനരായി ചോദിച്ചു. "അല്ലയോ അമീർ അൽമുഅ്മിനീൻ! ഇതെന്തു് സാഹസമാണ് അവിടന്നു് പ്രവൎത്തിക്കുന്നതു്?" അദ്ദേഹം ഇതു്

കേട്ട അവരെ നോക്കിപ്പറഞ്ഞു; "ഈ ഒട്ടകത്തെ കണ്ടുപിടിക്കപ്പെടാതിരുന്നാൽ എന്റെ കൎത്തവ്യവിലോപം മൂലം എത്ര സാധുക്കളുടെ ഓഹരികളാണ് നഷ്ടപ്പെടുന്നതെന്ന് നിങ്ങൾ ആലോചിക്കുക."

അഹ്നഫ്:— ശരിതന്നെ പക്ഷെ പരിചാരകന്മാരിലാരെയെങ്കിലും അയച്ച് അന്വേഷിപ്പിക്കാമായിരുന്നില്ലേ?" ഇതിന് അദ്ദേഹത്തിന്റെ മറുപടി എന്തായിരുന്നു. തികച്ചും ഇസ്ലാമികമായ ഒന്നു തന്നെ സുസ്മേരവദനനായി ആ മഹാൻ പ്രതിവചിച്ചതിപ്രകാരമായിരുന്നു. "പരിചാരകനായിരിക്കുവാൻ എന്നെക്കാൾ അർഹതയുള്ള ഒരു ഭൃത്യൻ ആരാണുള്ളത്?" ആഹാ! എന്തൊരു ത്യാഗം, എന്തൊരു നിസ്തുല്യമായ കൎത്തവ്യബോധം. ഇത്തരം ഉത്തമനേതാക്കളാൽ നയിക്കപ്പെടുന്ന ഏതൊരു ജനതയും അഭിവൃദ്ധിമാൎഗ്ഗത്തിൽ ക്രുടി കുതിച്ചുപായാതിരിക്കുന്നതെങ്ങിനെ?

എന്നാൽ ഇനി നമ്മുടെ ഇന്നത്തെ നായകന്മാരെപ്പററി ചിന്തിക്കാം. അവൎക്കു പക്ഷെ, പ്രസ്തുത സംഭവം, നീതികഥകളിലോ മററൊ പെട്ട ഏതെങ്കിലും കെട്ടുകഥയാണെന്ന് തോന്നിയേക്കാം. അവർ ഇത്തരം ഒരു മനോഭാവം സ്വപ്നത്തിൽ പോലും കണ്ടിരിക്കുകയില്ല വളരെ കാലമായി യാഥാസ്ഥിതിക മൂൎത്തികളും സ്വാൎത്ഥമതികളുമായ "മുല്ലാ"മാരുടെ കുതന്ത്രങ്ങളിൽപ്പെട്ട വിദ്യാവിഹീനരായി വേണ്ടാത്ത വിക്രിയകൾ കാണിച്ചുകൊണ്ടിരുന്ന മുസ്ലിം സമുദായം, നിസ്വാൎത്ഥരും, സമുദായസ്നേഹികളുമായ ചുരുക്കം ചില മഹാന്മാരുടെ നിരന്തരപരിശ്രമത്താൽ അല്പമൊന്നുണൎന്നു, തങ്ങൾക്ക് നേരിട്ടിരിക്കുന്ന ദയനിയ ദുരവസ്ഥയിൽ നിന്നും മുക്തിനേടാൻ ശ്രമിക്കുമ്പോഴെക്കും, അതാ! വീണ്ടും മുമ്പത്തെക്കാൾ അധികം ഭയങ്കരരായ ഒരു വൎഗ്ഗം, വേണ്ടത്ര തന്റേടം ഉണ്ടായിക്കഴിഞ്ഞിട്ടില്ലാത്ത ആ സമുദായത്തെ, കൈയിലെടുത്തു കളിക്കുവാൻ തുടങ്ങിയിരിക്കുന്നു. ഇവരാണ് നമ്മുടെ ഇന്നത്തെ സമുദായനായകന്മാർ. ഇവൎക്കു കൎത്തവ്യബോധമില്ല; കൎമ്മധീരതയില്ല; സമുദായാഭിമാനമില്ല, ആത്മാഭിമാനം പോലുമില്ല. തങ്ങൾക്കു ലഭിച്ചേക്കാവുന്ന തുഛമായ മാനധനാദികൾക്കുവേണ്ടി സ്വസമുദായത്തെ മററു സമുദായത്തിനും അഥവാ അതിൽ പെട്ട ഒരു വ്യക്തിക്കു പോലും ഒററികൊടുക്കുവാൻ ഇക്കൂട്ടർ ഒട്ടും മടിക്കുകയില്ല. പൊതുനന്മക്കായി ഒത്തൊരുമിച്ചു പ്രവൎത്തിക്കുവാൻ തുടങ്ങുന്ന സമുദായത്തെ, ഇവർ തങ്ങളുടെ ഓരോരുത്തരുടേയും പ്രത്യേക കാൎയ്യങ്ങൾക്കായി പല ഭാഗങ്ങളായി ഭിന്നിപ്പിച്ചു തങ്ങളിൽ തല്ലിക്കുന്നു. അഹോ! ലജ്ജാവഹം. പൂൎവ്വമുസ്ലിങ്ങളുടെ അസൂയാജനകമായ വിജയത്തിനും വിശ്വവിഖ്യാതിക്കും, നമ്മുടെ ഇന്നത്തെ കരുണാർഹമായ—ലജ്ജാവഹമായ അധഃപതനത്തിനും അപകീൎത്തിക്കും ഉള്ള കാരണം എന്താണെന്നു ഇനി എടുത്തു പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇപ്പോൾ സമുദായത്തിന്നു വന്നു ഭവിച്ചിരിക്കുന്ന ഈ ഭയങ്കര വിപത്തിൽ നിന്നു അതിനെ സംരക്ഷിക്കുവാൻ, ബലിഷ്ഠങ്ങളായ യുവഹസ്തങ്ങൾക്കു മാത്രമെ കെൽപ്പുള്ളൂ എന്ന പരമാൎത്ഥം, മാന്യ സഹോദരങ്ങൾ അറിഞ്ഞിരിക്കട്ടെ. ധൈൎയ്യവും സ്ഥൈൎയ്യവും തികഞ്ഞ യുവാക്കൾ രംഗത്തിറങ്ങി പ്രസ്തുത സമുദായ നായക വേഷധാരികളെ ആട്ടിഓടിക്കേണ്ട കാലം ആസന്നമാവുകയല്ല അതിക്രമിച്ചിരിക്കുകയാകുന്നു. അതിനാൽ, ഇനിയും ഒട്ടും വൈകാതെ, സമുദായം നിശ്ശേഷം ചൈതന്യരഹിതമായി ചമയുന്നതിനു മുമ്പേ, അതിന്റെ സംരക്ഷണാൎത്ഥമുള്ള ഈ സദ്ഉദ്യമത്തിലേക്കായി ഓരോ യുവാക്കളേയും ഞാൻ സാദരം ക്ഷണിച്ചുകൊള്ളുന്നു.

---

# കവിതാപംക്തി

## അവൾ

(എസ്. കെ. പൊറെറക്കാട്ട്)

അവളെയാദ്യമായ് കണ്ടനാൾ തൊട്ടൊരു
കവനകാരനായ്തീൎന്നുഞാൻ കൌതുകാൽ!
മധുരസൌന്ദൎയ്യ മദ്ധ്യാംനുകരവെ
മദനനോടേററ പോരാളിയായിഞാൻ
നിശിതവീക്ഷണ ബാണശതങ്ങളേ-
റ്റവശനായഹ്മൂർഛയിൽ മുങ്ങവെ
ഒളിവിൽ നിന്നവളപ്പോളെനിക്കൊരു
തെളിമൃദുസ്മിതം കാഴ്ചവെച്ചീടവെ
കനകവെന്നിക്കൊടി പറപ്പിച്ചഹഹ
പ്രണയസാമ്രാജ്യ നാഥനായ് തീൎന്നുഞാൻ

കുളിരിളം തെന്നൽ താലോലമേകിടും
കുരലരാജിയു മേന്തിയെ ന്നന്തികെ
അവളൊരന്തിയിൽ ശാന്തി പുതച്ചൊരു
തെളിനിലാവു പോൽ വന്നു നിന്നീടവെ
പുളകപൂരത്തിലാറാടി യുൾക്കടെ-
പ്പുതുവികാരച്ചിറകു വിടുൎത്തിഞാൻ
ഉലകുവിട്ടു ഹാ വിണ്ണിൻ കുളൂർമയി-
ലുയരുകയായൊരോമൽ കിനാവുപോൽ!

---

അവളടുത്തുവന്നെന്നോടുരുമ്മിയ-
ക്കരലതകളെൻ തോളിലേറ്റിക്കവെ
അമലകല്പകത്തോപ്പിലെത്തെന്നാലേ-
റകമലിഞ്ഞലിഞ്ഞില്ലാതെ യായിഞാൻ!

അവളെനിക്കൊരു ചുംബനം തന്നവാ-
റമൃതശിച്ചൊരു ദേവനായ് തീൎന്നുഞാൻ!!

x x x x

x x x x

അവളെനിക്കവളെത്തന്നെ തന്നള-
വവികലാനന്ദ നിൎവ്വാണമായിഞാൻ!!!

---

## മാധവാഗമം.

(ജാവീദ്)

മഹിത വസന്തത്തിൻ സന്ദേശമായ്
മലർവാടി പൂകിയ പൊന്നലരേ!
മധുവിൻ മധുരിമയിന്നു നിങ്കൽ
മധുപകുലത്തെ നയിച്ചുവെങ്കിൽ,
കനകവസന്തത്തിൻ പൊൻകതിരേ,
കനിയൊല്ലേ നീയവയോടു തീരെ.
നറുതേൻ നിൻ മഞ്ജുള ഭാജനത്തിൽ
അറുതിയായാലോ തൻ ഭോജനത്തിൽ,
മറവിയിൽവിട്ടു മധുപം നിന്നെ
മറുവഴി പോവുകയായി പിന്നെ.

വടമരക്കൊമ്പിലിലകൾമൂടി
ചുടുവേനൽ കൊണ്ടുടൽ തെല്ലുവാടി,
ഒരുകൊച്ചു കോകിലം നിന്നെനോക്കി
ഒരു മൃദുമഞ്ജുഗാനം മുഴക്കി,
വിമല സുലാവണ്യാരാധനയിൽ,
കമനീയ ചിന്താനിലീനതയിൽ,
കഴിയുകയാണു കലിതമോദം;
പൊഴിയുകയാണവനാത്മഗീതം.
കരളലിയിക്കു മദ്ഗീതകത്തിൻ
പൊരുളൊളിതിങ്ങും നിൻസൌഭഗത്വം.
ഭ്രമരം ദുരന്തത്തിൻ നായകനും
പരഭൃതം വാസന്ത ഗായകനും
ലളിത സൽഗ്ഗാന സുധാരസത്തിൽ
മിളിതമായ് നില്പൂ സുരഭിലത്വം.

സുമമേ, നിൻസൌരഭധോരണിയും,
പരഭൃത ഗാനത്തിൻ മാധുരിയും,
ഒരുമിക്കും നേരമാ നന്ദനപ്പൂ-
വനികയിൽ മാധവമാഗമിപ്പൂ!

——o——

K. JACOB THOMAS MEMORIAL SAHITHYA LIBRARY MANNARGHAT

ജ്യോതിഷ പംക്തി

# കോൺഗ്രസ്സും ഭരണക്രൂടവും

(കെ. സി. കേശവൻ ജ്യോത്സ്യൻ; തൃക്കുന്നപ്പുഴ)

ജ്യോതി:ശാസ്ത്രപരമായി നോക്കുമ്പോൾ, ഇൻഡ്യാസാമ്രാജ്യം ഭൂഗോളത്തിൻെറ മകരം രാശിഖണ്ഡത്തിങ്കൽ സ്ഥിതിചെയ്യുന്നതായികാണാം. മററുചില ഭൂവിഭാഗങ്ങളും മകരംരാശിയുടെ ഗണനാപരിധിയിലുൾപ്പെടുന്നില്ലെന്നില്ല. എന്നാൽ ഇൻഡ്യാ പൂർണ്ണമായും മകരംരാശിയിൽ സ്ഥിതിചെയ്യുന്നു. അതുകൊണ്ട് ഇൻഡ്യാസാമ്രാജ്യത്തെ മകരംരാശിയെന്നു സങ്കൽപ്പിക്കുന്നതിൽ ജ്യോതി:ശാസ്ത്രജ്ഞന്മാക്ക്ഭിപ്രായവ്യത്യാസം ഉണ്ടാകുവാൻ തരമില്ല.

മകരത്തിൻെറ അധിപൻശനിയാണ്. ഭൌതികമായ സുഖതൽപ്പരതയേക്കാൾ ആദ്ധ്യാത്മികമായ വിജ്ഞതയ്ക്കും തദനസരണമായ ജീവിതഗതിക്കുമാണ് പ്രാധാന്യേന ശനികാരകത്വം വഹിക്കുന്നത്. അതുകൊണ്ടാണ്, പാശ്ചാത്യരെ അപേക്ഷിച്ച് ഇൻഡ്യാക്കാർ ശാന്തസ്വഭാവികളും ആദ്ധ്യാത്മിക ജ്ഞാനികളുമായി തീർന്നിട്ടുള്ളത്. മകരം ഒരു ചരരാശിയാകുന്നു. ഇതു്, ഇൻഡ്യയുടെ ദീർഘമായ പുരാതനത്വത്തെ കുറിക്കുന്നുണ്ട്. ഉൽപാദകപരമായ മനോഭാവവു, കമ്മകുശലതയും, ഇൻഡ്യാക്കാരെ സംബന്ധിച്ചിടത്തോളം വളരെ അപ്രധാനങ്ങളായ ലക്ഷണങ്ങളായിരിക്കാനേ തരമുള്ളു.

വ്യാഴം, ഇപ്പോൾ മകരം രാശിയിലേക്കു കടക്കുവാൻ പോവുകയാണ്. സ്വാതന്ത്ര്യത്തിൻേറയും, ന്യായദീക്ഷയുടേയും കാരകത്വം വഹിക്കുന്ന വ്യാഴം, ഇപ്പോൾ മകരം രാശിയിൽ പ്രവേശിക്കുന്നതു്, സ്വാതന്ത്ര്യ സമ്പാദനകാംക്ഷികളായ കാൺഗ്രസ്സ് ജനതയ്ക്കു് ഉൽകൃഷ്ടമായ വിജയത്തെ പ്രദാനം ചെയ്യുന്നതാകുന്നു. എന്നുമാത്രമല്ല, ഭരണക്രൂടവും കാൺഗ്രസ്സുമായി ഒരു വലിയ ബന്ധം- അഥവാ-കാൺഗ്രസ്സിന് ഭരണചക്രത്തിന്മേലൊരാധിപത്യം ക്രൂടെ ഉണ്ടാകുമെന്നു പറയുവാൻ വ്യാഴത്തിൻെറ നിലയ്ക്കർഹതയുണ്ട്. പക്ഷേ,- വ്യാഴത്തിന്- വക്രഗതിയായി, മകരത്തിൽനിന്ന്- നാലഞ്ചു മാസത്തിനു ശേഷമാണെങ്കിലും, ഒന്നു പിന്മടങ്ങേണ്ടതായിരിക്കുന്നു. അതുകൊണ്ട് കാൺഗ്രസ്സിനു സിദ്ധിക്കുമെന്നു പറയുന്ന ഭരണാധിപത്യത്തിൽ നിന്ന്, നാമമാത്രമായ ഒരു വ്യതിചലനം ഉണ്ടാകുമെന്നുണ്ടെങ്കിലും, ഉൽക്കർഷോന്മുഖമായ ത്വരിതഗതിയോടുക്രൂടി വ്യാഴം വീണ്ടും മകരം രാശിയിലേക്ക് കടക്കുമെന്നു ഇതിനാൽ,-ഭരണക്രൂടത്തെ ആകമാനം തകക്കത്തക്ക ഭരണനേതൃത്വത്തോടുക്രൂടി, കാൺഗ്രസ്സിൻെറ പ്രബലമായ ശക്തിവീണ്ടും ഭരണരംഗങ്ങളിൽ നടനംചെയ്യുകയും, അതോടൊപ്പം ഉദ്ദിഷ്ടകേന്ദ്രങ്ങളിലേക്കുള്ള മാറ്റങ്ങൾ സുഗമങ്ങളായി തീരുകയും ചെയ്യുന്ന ഒരാസന്ന ഭാവിസമാഗതമാകുമെന്നുള്ളതിനേയാണ് ഈബൃഹസ്പതി പ്രവേശനം ചൂണ്ടിക്കാണിക്കുന്നതു്.



കോൺഗ്രസ്സ് പ്രസിഡൻറ്

ജവഹർലാൽ നെഹ്റു.

മകരം രാശിയുടെ ഉച്ചാവകാശത്വം ചൊവ്വ വഹിക്കുന്നു. ചൊവ്വയാണെങ്കിൽ യുദ്ധകാരകനും ഭരണാധികാരിയുമാണല്ലൊ. ഈ നിരൂപണത്തിൽ, ബ്രിട്ടൻെറ സ്ഥാനം ചൊവ്വയാണർഹിക്കുന്നതു്. വ്യാഴം മകരം രാശിയിലെത്തുമ്പോൾ തന്നെ ചൊവ്വായുമവിടെ എത്തുന്നുണ്ട്. ഇതു്, 1938, മാച്ച്മാസത്തോടു സമീപിച്ചാണ്. ഈസന്ദർഭത്തിൽ ഗവർമ്മെൻറും കാൺഗ്രസ്സുമായുള്ള പൊരുത്തം ശിഥിലീഭവിച്ചേക്കുവാനിടയുണ്ട്. വ്യാഴമിനിയും ആരോഹണ സ്ഥിതിയിലേക്കുതന്നെ കടക്കുന്നതിനാൽ, കാൺഗ്രസ്സിൻെറ ധീരോദാത്തമായ പ്രവൎത്തി പരിപാടികൾ വിജയപ്രദങ്ങളായിത്തന്നെ തീരുമെന്ന് ന്യായമായി പ്രതീക്ഷിക്കാം.

## പോലീസ് മദ്ദന പ്രതിഷേധ യോഗം.

കൊച്ചിൻ ടിൻഫാക്ടറിയിലെ പണിമുടക്കു സംബന്ധിച്ച് മി: പി. എസ്സ്. നമ്പൂതിരിയെ നിർദ്ദയം മദ്ദിച്ചതിനെപ്പററി പ്രതിഷേധിക്കുവാൻ മീനം 11-ാംനു- വൈകുന്നേരം 4 മണിക്കു ജുതപ്പള്ളി മൈതാനത്തിൽവച്ച് കൊച്ചിൻ സ്റ്റേററ് കോൺഗ്രസ്സ്‌ലോക്കൽ കമ്മിററിയുടെ ആഭിമുഖ്യത്തിൽ ഒരു ഗംഭീരമായ പൊതുയോഗം ക്രൂടുകയുണ്ടായി. യോഗത്തിൽ 1000—ൽ പരം ആളുകൾ സന്നിഹിതരായിരുന്നു. മി: പി. വി. നാരായണൻെറ തൊഴിലാളി ഗാനത്തിനുശേഷം മി: എ. ജി. ചടയൻമുറി സദസ്യൎക്കു സ്വാഗതം പറഞ്ഞു. അദ്ധ്യക്ഷനായിവരികപ്പെട്ടിരുന്ന ശ്രീമാൻ പനമ്പിള്ളി ഗോവിന്ദമേനോൻ സുഖക്കേടായി കിടപ്പിലാണെന്നു കമ്പികിട്ടുകയാൽ വീരശ്രീ കെ. എം. കുഞ്ഞുമൊയ്തീൻ *M. L. C.* അദ്ധ്യക്ഷം വഹിച്ചു. അദ്ധ്യക്ഷൻെറ ഉപക്രമ പ്രസംഗത്തിനുശേഷം മെസ്സേഴ്സ് ഡാക്ടർ കമാൽ പാഷാ തയ്യിൽ, ചെറിയാൻ മാഞ്ഞൂരാൻ, പി. എ. സൈനുദ്ദീൻ, കെ. എം. ഇബ്രാഹിം *B. A. M. L. C.* തുടങ്ങിയ മാന്യന്മാർ തൊഴിലാളികൾ സംഘടിക്കേണ്ട ആവശ്യകതയേയും പോലീസിൻെറ മദ്ദനത്തിൽ പ്രതിഷേധിച്ചും പ്രസംഗങ്ങൾചെയ്തു. അനന്തരം യോഗോദ്ദേശത്തിനനുസരണമായ ഏതാനും നിശ്ചയങ്ങൾ പാസാക്കി. അദ്ധ്യക്ഷൻെറ ഉപസംഹാരപ്രസംഗം, കൃതജ്ഞത എന്നിവയ്ക്കുശേഷം യോഗം 6½ മണിക്കു മംഗളമായി പര്യവസാനിച്ചു.

യോഗത്തിൽ അഖിലേന്ത്യാ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി ജോയിൻറു സെക്രട്ടറി ശ്രീമാൻ ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് അവർകളുടെ മഹനീയ സാന്നിദ്ധ്യംക്രൂടി ഉണ്ടായിരുന്നു എന്നുള്ളതും പ്രത്യേകം പ്രസ്താവ്യമത്രേ.

## 5 ലക്ഷം മുസ്ലിങ്ങൾ കോൺഗ്രസ്സിലേക്ക്.

അഖിലേന്ത്യാ അഹ്‌രാർ കമ്മററിയുടെ പ്രസിഡൻറായ മൌലാന ഹബീബുർ റഹിമാൻ ഒരു ക്രൂടിക്കാഴ്ചയിൽ പറഞ്ഞതു അഞ്ചുലക്ഷം മുസ്ലീങ്ങൾ കാൺഗ്രസ്സിൽ ചേരുന്നതാണെന്നാണ്.

അതിർത്തിദേശത്തിലെ ചെങ്കുപ്പായക്കാരെപ്പോലെ ഒരു കഠിനമായ ശിക്ഷണബോധം അവരിൽ ഉണ്ടാക്കുകയും അനന്തരം അവരെ ദേശസേവനത്തിനായി കാൺഗ്രസ്സിൽ പ്രവേശിപ്പിക്കുകയുമാണ് ചെയ്യാൻ നിശ്ചയിച്ചിരിക്കുന്നതു്.

പഞ്ചാബിൽ അവൎക്ക് ഇപ്പോൾ അൻപതിനായിരം വാളൻറിയറന്മാരുണ്ടു്. ഷെർക്കോട്ട് ഡിസ്ത്രിക്റ്റിൽമാത്രം പതിനായിരം വാളൻറിയർമാരുണ്ടെന്നു കാണുന്നു.

# *താജ് മഹൽ—ഒരു പ്രേമകുടീരം.

(എം. എ. ഷക്കൂർ, ബി. എ., വക്കം.)

ലോകത്തിലെ സപ്തമഹാത്ഭുതങ്ങളിൽ അദ്വിതീയ സ്ഥാനത്തെ അർഹിക്കുന്ന താജ്മഹൽ 'മുഗൾചക്രവർത്തിമാർ ഇൻഡ്യയ്ക്കു നൽകിയിട്ടുള്ള കലാപരമായ അമൂല്യ സമ്പത്തുകളിൽ ഒന്നാണ്. ഉദ്ദേശം മുന്നൂറു സംവത്സരങ്ങൾക്കു മുമ്പ് സംവിധാനം ചെയ്യപ്പെട്ട ഈ സൌധത്തിന്റെ സൌകുമാര്യം ഇന്നും അക്ഷയമായിത്തന്നെ സ്ഥിതിചെയ്യുന്നു. അതിൽ പ്രദർശിതമായിരിക്കുന്ന വിസ്മയാവഹമായ ശില്പികലാചാതുരി വിദൂരദേശങ്ങളിൽ നിന്നുപോലും സന്ദർശകന്മാരെ ആകഷിച്ചു കൊണ്ടിരിക്കുന്നു.

താജ്മഹൽ .ഒരു പ്രേമകുടീരമാണ്. പ്രകൃതിരാമണീയകംകൊണ്ടും കലാസൃഷ്ടികളായ മനോഹര മന്ദിരങ്ങൾ കൊണ്ടും വിശ്രുതമായിത്തീർന്നിട്ടുള്ള ആഗ്രാനഗരത്തിലാണു അതു സ്ഥിതിചെയ്യുന്നതു്. മുഗൾ വംശജന്മാരുടെ കൂട്ടത്തിൽ അഗ്രഗണ്യനായ ഷാജഹാൻ ചക്രവർത്തിയാണു ഈ മനോഹര സൌധം പണികഴിപ്പിച്ചതു്. അദ്ദേഹത്തിന്റെ പ്രേമഭാജനമായിരുന്ന മുംതാസ്മഹലിന്റെ സ്മരണയ്ക്കായിട്ടാണു അദ്ദേഹം അതു നിർമ്മിച്ചതു്. അദ്ദേഹം വിഖ്യാതമായ മററനേകം കെട്ടിടങ്ങൾ പണികഴിപ്പിച്ചിട്ടുണ്ടു്. അക്കൂട്ടത്തിൽ ആഗ്രാ നഗരത്തിലെ 'മോത്തിമസ്ജിദും' (*Pearl Mosque*, പവിഴപ്പള്ളി) ഡൽഹി നഗരത്തിലെ 'ജുംആമസ്ജിദും' വളരെ പ്രസിദ്ധമാണ്. ഷാജഹാൻ ചക്രവർത്തിയുടെ ഭരണകാലം ശില്പകലയുടെ അഭ്രുതപൂർവ്വമായ വികാസത്തെക്കുറിക്കുന്നു. അതു സുകുമാരകലകളുടെ സുവർണ്ണയുഗമായിരുന്നു. ഷാജഹാന്റെ ഉദാരവും നീതിപൂർവ്വവുമായ ഭരണത്തിൽ മുഗൾ സാമ്രാജ്യം സുഭിക്ഷതയുടേയും സമാധാനത്തിന്റേയും വിലാസരംഗമായിരുന്നു. അദ്ദേഹം പ്രദർശിപ്പിച്ച സഹിഷ്ണുതയും സമഭാവനയും ഹിന്ദു മുസ്ലിം മൈത്രിയെ സുദൃഢമാക്കി. ഇപ്രകാരം പ്രഭാവപൂർണ്ണമായ ഒരു സാമ്രാജ്യത്തിലെ സന്തുഷ്ടരായ പ്രജകൾക്കു് അവരുടെ കലാപരമായ വാസനകളെ പരിപോഷിപ്പിക്കുവാൻ അവസരം ലഭിച്ചു. ഷാജഹാനു പ്രജകളെ തെല്ലും ക്ലേശിപ്പിക്കാതെതന്നെ കലാസൃഷ്ടിയിൽ വിഹരിയ്ക്കുവാൻ തക്കവണ്ണം മുഗൾ ഭണ്ഡാഗാരം പരിപുഷ്ടമായിരുന്നു.

ഷാജഹാന്റെ പട്ടമഹിഷിയായിരുന്ന അർജ്ജുമന്ദ് ബനുബീഗം അവരുടെ സുപ്രസിദ്ധമായ മുംതാസ് മഹൽ (അരമനയുടെ കിരീടം) എന്ന നാമധേയത്താലാണ് അറിയപ്പെടുന്നതു്. അവർ ജഹാംഗീർചക്രവർത്തിയുടെ പത്നിയായ നൂർമഹലിന്റെ ഭാഗിനേയി ആയിരുന്നു. ഷാജഹാൻ ഇരുപത്തൊന്നാമത്തെ വയസ്സിലാണു മുംതാസിനെ വിവാഹം ചെയ്തതു്. അന്നു മുംതാസിനു പത്തൊൻപതു വയസ്സ് പ്രായമായിരുന്നു. പരിപാവനമായ പ്രേമം ആ യുവഹൃദയങ്ങളെ പരസ്പരം ഗാഢമായി ബന്ധിച്ചതുകൊണ്ടാണു അവർ പരിണീതരായതു്. ചക്രവർത്തിക്കു ഒരു നിമിഷനേരംപോലും തന്റെ പ്രേമസർവ്വസ്വമായ മുംതാസിനെ പിരിഞ്ഞിരിക്കുക അസാദ്ധ്യമായിത്തീർന്നു. ക്ലേശകരമായ വഴിയാത്രകളിലും ഭയങ്കരമായ സമരങ്ങളിലും മുംതാസ് തന്റെ പ്രാണവല്ലഭനെ വേർപിരിയാതെ എല്ലായ്പോഴും അനുഗമിച്ചിരുന്നു. സൌന്ദര്യത്തിലെന്നപോലെ സൽസ്വഭാവത്തിലും അവർ ഏററവും പ്രശസ്തയായിരുന്നു. അവരുടെ ജീവകാരുണ്യവും സമസൃഷ്ടിസ്നേഹവും ചരിത്രപ്രകീർത്തിതമാണ്. വധശിക്ഷയ്ക്കു വിധിക്കപ്പെട്ട അനേകം കൊലപാതകപ്പുള്ളികൾക്കു മുംതാസിന്റെ കാരുണ്യാതിരേകത്താൽ ജീവൻ തിരിയെ കിട്ടിയിട്ടുണ്ടു്. സൽഗുണ സമ്പന്നയായ മുംതാസ് മഹൽ ജനങ്ങളുടെ ഹൃദയപൂർവ്വകമായ സ്നേഹം സമ്പാദിച്ചിരുന്നു. അവർ ചക്രവർത്തിക്കു പതിന്നാലു സന്താനങ്ങളെ പ്രദാനം ചെയ്തു. 1631ൽ ഖാൻജഹാൻ ലോദിയെ അമർച്ചചെയ്യുവാനായി ഷാജഹാനു ബർഹാംപൂരിലേക്കു പോകേണ്ടിവന്നു. അദ്ദേഹം സിംഹാസനാരോഹണം ചെയ്തിട്ടു് അന്നു നാലുവർഷം മാത്രമേ ആയിരുന്നുള്ളു. മുംതാസ് പതിവുപോലെ ആ തവണയും പ്രിയതമനെ പിന്തുടർന്നു. എന്നാൽ എന്തൊരു വിധിവൈപരീത്യം! മുഗൾ വംശത്തിന്റെ മണിദീപമായിരുന്ന മുംതാസ് ബർഹാംപൂരിൽ വെച്ചു് പ്രസവാനന്തരം പരലോകം പ്രാപിച്ചു. ചക്രവർത്തിയുടെ ദുഃഖം സീമാതീതമായിരുന്നു. അദ്ദേഹത്തിന്റെ ഹൃദയം കഠിനമായ കദനഭാരത്താൽ ഞെരിഞ്ഞു. അനേകദിവസം കഴിയുന്നതുവരെ അദ്ദേഹം തന്റെ സചിവന്മാർക്കുപോലും സന്ദർശനമനുവദിച്ചില്ല. ശോകപാരവശ്യത്തിനിടയിൽ അദ്ദേഹം സാമ്രാജ്യത്തെ പുത്രന്മാർക്കായി വിഭജിച്ചുകൊടുത്തിട്ടു് സ്ഥാനത്യാഗം ചെയ്വാൻപോലും ഒരുങ്ങി. രണ്ടുകൊല്ലക്കാലം അദ്ദേഹത്തിന്റെ കൊട്ടാരത്തിൽ സകലരും ദുഃഖമാചരിച്ചു. ആ കാലത്തിനിടയിൽ, ആഭരണങ്ങൾ, സുഗന്ധദ്രവ്യങ്ങൾ സംഗീതം തുടങ്ങി ആഡംബരത്തിനുവേണ്ടിയുള്ള യാതൊരു വിഭവത്തിനും അവിടെ സ്വീകരണം ലഭിച്ചില്ല.



മി: കെ. എഫ്. നരിമാൻ

ബോംബെ നിയമസഭാ സ്പീക്കർ സ്ഥാനത്തേക്കു് കോൺഗ്രസ് ഇദ്ദേഹത്തിന്റെ പേരു് നിർദ്ദേശിച്ചിരിക്കുന്നു.

മുംതാസ് മഹൽ മരണ ശയ്യയിൽ കിടക്കുമ്പോൾ, തന്റെ അന്ത്യമായ അഭിലാഷം ഷാജഹാനോടു പറഞ്ഞു. താൻ മരിച്ചു കഴിഞ്ഞാൽ തന്നെ മറന്നുകളയരുതെന്നും, തന്റെ സ്മരണയെ നിലനിറുത്തുന്നതിനായി ലോകത്തിലെ ഒരു അത്ഭുതമായി പരിലസിക്കത്തക്ക ഒരു സ്മാരകം നിർമ്മിക്കണമെന്നുമായിരുന്നു ആ സ്ത്രീരത്നത്തിന്റെ അവസാനത്തെ ആഗ്രഹം. അതു ഷാജഹാൻ സമ്പൂർണ്ണമായി നിർവ്വഹിച്ചുവെന്നു മാത്രമല്ല, അദ്ദേഹം തന്റെ ജീവിതശേഷം മുഴുവനും മുംതാസിനോടുള്ള പ്രേമബന്ധത്തെ അഭംഗുരമായി പരിപാലിക്കുകയും ചെയ്തു. മുംതാസിന്റെ മൃതദേഹം ആഗ്രായിലേക്കു കൊണ്ടുപോയി. ഇന്നു താജ്മഹൽ നിൽക്കുന്ന മലർവാടിയിൽ അതിനെ നിക്ഷേപിച്ചിട്ടു്, ആ മനോഹര സൌധത്തിനുള്ള അടിസ്ഥാനം ·കെട്ടുവാൻ ആരംഭിച്ചു. അതിനു ശേഷം, ഇന്നു കാണുന്ന നിക്ഷേപസ്ഥാനത്തേയ്ക്കു മൃതശരീരത്തെ മാററുകയും ആ മഹാ സൌധത്തിന്റെ പണിനടന്നുകൊണ്ടിരുന്നപ്പോൾ താല്ക്കാലികമായി നിർമ്മിച്ച ഒരു മണ്ഡപം അതിനെ പരിരക്ഷിക്കയും ചെയ്തു.

മുഗൾ വംശ്യരുടെ പൂർവ്വികാചാരമനുസരിച്ചു്, ചൈതന്യത്തിന്റെ ചിഹ്നമായ കുസുമിത വല്ലികളും മരണത്തിന്റെ ചിഹ്നമായ സൈപ്രസ്സ് വൃക്ഷങ്ങളും ഉള്ള ഉദ്യാനങ്ങളിലായിരുന്നു ചൈത്യങ്ങൾ നിർമ്മിക്കാറു് പതിവു്. രാജാ ജയസിംഗിന്റെ വകയായി ആഗ്രായിൽ യമുനാ നദീതീരത്തു

സ്ഥിതിചെയ്തിരുന്ന ഒരു ആരാമമായിരുന്നു അവസാനമായി തെരഞ്ഞെടുക്കപ്പെട്ടതു്. ചക്രവത്തിയുടെ സ്വന്തം സ്വത്തിൽനിന്നു വിലപിടിച്ച വസ്തുക്കൾ ജയസിംഗനു പ്രതിഫലമായി നൽകുകയുണ്ടായി. അനന്തരം ചക്രവത്തി മന്ദിരത്തിന്റെ അനുസന്ധാനത്തിനായി സാമ്രാജ്യത്തിലെ ശില്പകലാനിപുണന്മാരുടെ ഒരു സമിതിയെ നിയമിച്ചു. ലോകത്തിലെപ്രശസ്തമായ അനേകം മന്ദിരങ്ങളുടെ മാതൃകകൾ സമിതി ചക്രവത്തിയുടെ മുമ്പാകെ സമപ്പിക്കയും അവ അദ്ദേഹത്തിന്റെ ഗാഢമായ പര്യാലോചനയ്ക്കും നിരൂപണത്തിനും വിഷയമാകയും ചെയ്തു. ചക്രവത്തിയുടെ കീഴിൽ ഉദ്യോഗം ഭരിച്ചിരുന്ന യൂറോപ്യന്മാരിൽ ചിലരും വിശേഷപ്പെട്ട മാതൃകകൾ സമപ്പിച്ചിരുന്നു. എന്നാൽ ഉസ്താദ് ഈസാ എന്ന ശില്പവിദഗ്ദ്ധൻ നിമ്മിച്ച മാതൃകയാണു ഷാജഹാനു അവയിൽവെച്ച് ഏററവും ബോധിച്ചതു്. ഈസാ പെർസ്യായിൽ ഷിറാസ് എന്ന സ്ഥലത്തു ജനിച്ചു വളന്നയാളായിരുന്നു. അദ്ദേഹത്തിന്റെ മേൽനോട്ടത്തിലായിരുന്നു താജിന്റെ നിമ്മാണം നടന്നതു. 1632ൽ അതിന്റെ പണി ആരംഭിച്ചു. ഇരുപതിനായിരം ആളുകൾ താജിന്റെ നിമ്മാണത്തിൽ ഏപ്പെട്ടിരുന്നു. പതിനേഴ് സംവത്സരം കൊണ്ടാണു അതിന്റെ പണി പൂത്തിയായതു്. താജിനുവേണ്ടി ചെലവായതു നാലുകോടി രൂപയാണെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

താജ് മഹലിന്റെ നിമ്മാണത്തിനു വിവിധ ദേശങ്ങളിൽ നിന്നാണു ചിത്രവേലക്കാരെ വരുത്തിയതു്. പ്രധാന ശില്പികൾ ബാഗ്ദാദ്, ഡെൽഹി മുൾട്ടാൻ ഈ സ്ഥലങ്ങളിലുള്ളവരായിരുന്നു. മകുട നിമ്മാണത്തിൽ (*Dome building*) പ്രത്യേക നൈപുണ്യമുള്ളവരെ തുക്കിയിൽ നിന്നും സമക്ണ്ടിൽ നിന്നും വരുത്തി. ലേഖന ശില്പത്തിനു ഷിറാസിലെ ചിത്രകാരന്മാർ നിയമിതരായി. മദ്ധ്യയേഷ്യയിലേയും ഇൻഡ്യയിലേയും വിവിധ ഭാഗങ്ങളിൽ നിന്നാണു ആവശ്യമുള്ള സാധനങ്ങൾ ലഭിച്ചതു്. ശ്ലക്ഷ്ണശില ജയപ്പൂരിൽ നിന്നും ചുവന്ന വാലുകാശില (*Red sand stone*) ഫത്തേഹ് പൂര് സിക്രിയിൽ നിന്നും ശേഖരിച്ചു. പഞ്ചാബ് സൂര്യകാന്തവും ടിബററു വൈഡൂര്യവും സിലോൺ ഇന്ദ്രനീലവും നൽകി: പ്രവാളം അറേബ്യായുടെയും, വജ്രം പാനായുടേയും പത്മരാഗം പെർസ്യായുടെയും സംഭാവനയായിരുന്നു. വിലപിടിച്ച പാരസീക രത്നക്കംബളങ്ങൾ വാങ്ങുന്നതിനു അനവധി ദ്രവ്യം വ്യയംചെയ്തിട്ടുണ്ട്.

താജ്മഹൽ അനേകം കവികളുടെ വണ്ണനകൾക്കു വിഷയമായിട്ടുണ്ടെങ്കിലും, അതിന്റെ ഹൃദയാവജ്ജകമായ രാമണീയകത്തെ പരിപൂണ്ണമായി പ്രതിഫലിപ്പിക്കുവാൻ ഇതുവരെ ആക്കും കഴിഞ്ഞിട്ടില്ല. നിശാകാലത്തിലെ നിശ്ശബ്ദതയിൽ പനിമതിയുടെ പാൽക്കതിർ വെണ്മയേറിയ വെണ്ണക്കല്ലിൽ വെള്ളി പൂശുമ്പോഴും, പുലരിയുടെ പുതുരാഗം ആ കമനീയ മകുടത്തിൽ കനകലേപനം ചെയ്യുമ്പോഴും അതു കവിതകളിൽ കാണുന്ന വല്ല വനദേവതകളുടേയും മോഹന ഹമ്മ്യമാണോ എന്നു സംശയിച്ചുപോകും. ആ സ്വഗ്ഗീയ സൌന്ദര്യത്തിന്റെ മുമ്പിൽ നിശ്ചലമായി നിലകൊള്ളുന്നവിസ്തൃതമായജലാശയം സ്വച്ഛമായ ദപ്പണം പോലെ ആ സ്വർല്ലോക മഹസ്സിനെ പ്രതിബിംബിപ്പിക്കുന്നു. ആ മണിവാതിലിന്റെ നിരകയിൽ തിളങ്ങുന്ന കാഞ്ചനലിപികൾ, ഹൃദയ ശുദ്ധിയുള്ളവരെ സ്വഗ്ഗത്തിനകത്തേക്കു ക്ഷണിക്കുന്നു. അകത്തു കടന്നാൽ മദ്ധ്യഭാഗത്തു കാണുന്ന വിശാലമായ മുറിയിലാണു മുംതാസ് മഹലിന്റേയും ഷാജഹാന്റെയും ചൈത്യങ്ങൾ (*cenotaphs*) സ്ഥിതിചെയ്യുന്നതു്. ആ മുറിയിൽ പ്രദർശിതമായിരിക്കുന്ന ചിത്രപ്പണികളുടെ മനോഹാരിത വണ്ണനാതീതമത്രേ. മുംതാസിന്റെ ചൈത്യത്തെ ചുററിനില്ക്കുന്ന ശ്ലക്ഷ്ണ ശിലാനിമ്മിതമായ ജവനിക പത്തുവഷം കൊണ്ടു പണിതു തീത്ത വിശിഷ്ടമായ ഒരു കലാസൃഷ്ടിയാണ്. അതിന്റെ മദ്ധ്യത്തായി മുംതാസിന്റെ ശാശ്വത നിദ്രാസ്ഥാനത്തു നിത്തപ്പെട്ടിരിക്കുന്ന ശുഭ്രമായ ശ്ലക്ഷ്ണശിലയിൽ ഒരു നാളും വാടാത്ത പാരസീക കുസുമങ്ങൾ വികസിച്ചു നില്ക്കുന്നു. അതു മുഗൾ ശില്പികളുടെ ഇന്ദ്രജാല വിദ്യയുടെ സുന്ദരസന്താനമാണ്. അതിൽ ഇങ്ങിനെ ലേഖനം ചെയ്യപ്പെട്ടിട്ടുണ്ട്: "മുംതാസ് മഹൽ എന്നു വിളിയ്ക്കപ്പെടുന്ന അർജ്ജുമന്ദ് ബനു ബീഗമിന്റെ ശ്രേഷ്ഠമായ സമാധിസ്ഥാനം. ഹിജ്റ 1040ൽ നിയ്യാതയായി."

താജിന്റെ നിമ്മാണത്തിൽ പ്രയുക്തമായിരിക്കുന്ന സാങ്കേതികമായ വൈദഗ്ദ്ധ്യം പാശ്ചാത്യ ലോകത്തെ വിസ്മയിപ്പിക്കുന്നു. താജിനെ സംബന്ധിച്ച അത്ഭുതങ്ങളിൽ ഒന്നു ശബ്ദങ്ങളെ പ്രതിധ്വനിപ്പിക്കുന്നതിൽ അതിനുള്ള ദിവ്യമായ ശക്തിവിശേഷമാകുന്നു. കക്കശമായ അപസ്വരങ്ങളെ അതു ഒരിക്കലും പ്രതിധ്വനിപ്പിക്കുകയില്ല. മധുരമായസ്വരത്തിൽ മനോഹരമായ ഒരു ഗാനം ആലാപിക്കുകയോ, ഒരു വീണയുടെ നേരിയ കമ്പികളെ മൃദുലമായൊന്നു മീട്ടുകയോ ചെയ്താൽ അതു താജിന്റെ അന്തർമ്മണ്ഡലങ്ങളിൽ ചെന്നു തട്ടികണ്ണാനന്ദ കരമായ ദിവ്യസംഗീതമായി പ്രതിധ്വനിച്ച് ദീഘ നേരം ആവത്തിച്ചു മുഴങ്ങികൊണ്ടിരിക്കും. താജിന്റെ മച്ചിൽ നില്ക്കുന്ന ശ്രോതാക്കൾക്കു, അതു ഉപരിലോകത്തെവിടയോ നടക്കുന്ന ദിവ്യമായ സംഗീത സദസ്സിൽനിന്നു അവ്യക്തമായി ലഭിക്കുന്ന മോഹന ഗാനത്തിന്റെ നേരിയ നാദമാണെന്നേ തോന്നുകയുള്ളു.

നാലു ഗോപുരങ്ങളുടെ നടുവിലായി നില്ക്കുന്ന താജ്മഹൽ, വാസ്തവത്തിൽ, യമുനാനദിയുടെ രമണീയമായ സൈകത ഭൂവിൽ നാലുപരിചാരികകളാൽ പരിസേവിതയായി വിശ്രമിക്കുന്ന മുംതാസ് മഹൽതന്നെയാണ്. താജിനു ആത്മീയമായ ഒരു അത്ഥം കല്പിക്കുകയാണെങ്കിൽ, അതു ഭാരതീയ മഹിളാ ലോകത്തിന്റെ സൌകുമായ്യത്തിനു നൽകപ്പെട്ടിരിക്കുന്ന ഉത്കൃഷ്ടമായ ഉപഹാര മാണെന്നു പറയാം.

* പകപ്പവകാശം

## ഇന്ത്യാക്കാരെ ബഹിഷ്ക്കരിച്ചു

**അബിസീനീയായിൽനിന്ന്.**

ഇററലിക്കെതിരായി ദ്രോഹപ്രവൃത്തികൾ ചെയ്തുകൊണ്ടിരുന്നെന്ന കാരണത്താൽ അബിസീനിയായിലുണ്ടായിരുന്ന അനേകം വിദേശിയ വാണിജ്യ സ്ഥാപനങ്ങൾ അടപ്പിച്ചതായി പ്രസ്താവിക്കുന്നു. ഈ കാരണത്താൽ മഹമ്മദാലിസ്റ്റോർ അടപ്പിച്ചെന്നും അതിലെ ഇന്ത്യൻജോലിക്കാരെ അബിസീനിയായിൽനിന്നു ബഹിഷ്കരിച്ചെന്നും ജേർണൽഡി ഇററാലിയായിൽ ഗയഡാ എഴുതുന്നു.



ബുലഭായി ദേശായി
സാമ്രാജ്യ നിയമസഭാ കോൺഗ്രസ് പാർട്ടി നേതാവ്.

# മി. അമീറലി സാഹിബിൻെറ തുറന്ന കത്തിന് ഒരു മറുപടി.

പി. എം. കുഞ്ഞോ, കുത്തിയതോട്ട്.

കഴിഞ്ഞ ലക്കം "പ്രകാശ"ത്തിൽ (Vol. iii No 12) മി. അമീർ അലിസാഹിബ് എഴുതിയിരുന്ന തുറന്നകത്തു വായിച്ചു. ആദർശലോകവും പ്രായോഗിക ലോകവും ഭിന്നങ്ങളാണെന്നും ആദർശത്തെ മുൻനിവൃത്തിയുള്ള അനുസ്യൂതമായ പ്രവൃത്തനങ്ങളാണ് ഒരു മനുഷ്യനെ ലക്ഷ്യത്തിലെത്തിയ്ക്കുന്നതെന്നും മറുപടിപറഞ്ഞവസാനിപ്പിച്ചാൽ പോരെ എന്നും ഞാൻ ആദ്യം ആലോചിച്ചു. എന്നാൽ ഒരന്യനായി അകന്നുനിന്നുകൊണ്ട് മുസ്ലിം സമുദായത്തിൻെറ നേരെ പ്രയോഗിയ്ക്കുന്ന ഭീഷണികളും ശകാരങ്ങളുമാണ് വീണ്ടും തൂലികയെടുക്കുവാൻ എന്നെ പ്രേരിപ്പിച്ചതു്.

വീക്ഷണകോണം (Angle of observation) അനുസരിച്ച് വീക്ഷ്യമാനമാകുന്ന വസ്തുവിന് വൈചിത്ര്യങ്ങൾ വന്നുചേരുന്നു എന്നുള്ളതു് വെറും പരമാർത്ഥം മാത്രമാണ്. "ഗുണൈശ്വര്യത്താൽ നാം ഇസ്ലാം ജനതയ്ക്കു സിദ്ധിച്ചിട്ടുള്ള അമൂല്യരത്നങ്ങളാണ്" എന്നുള്ള മി. അമീർ അലിസാഹിബിൻെറ പ്രസ്താവന വളരെയൊന്നും ആലോചിച്ചു ചെയ്തതായിരിയ്ക്കുമെന്നു തോന്നുന്നില്ല. വിചാരം വികാരത്തിനടിമപ്പെട്ടപ്പോൾ ഹൃദയത്തിൽ കൊള്ളാതെ വരുന്ന അമർഷം വാക്കുരൂപത്തിൽ പുറത്തുവരുന്നതായി കണ്ടിട്ടുണ്ട്. മി. അമീർ അലിസാഹിബ് ഇൻഡ്യയുടെ വടക്കേ അററത്തുനിന്നു, കേരളമുസ്ലിം ലോകത്തെ സമുദ്ധരിയ്ക്കുവാൻവേണ്ടി എത്തിച്ചേന്ന ഒരു അപൂർവ്വ പുരുഷനാണെന്നു തോന്നുന്നു. അദ്ദേഹത്തിനു കേരളത്തെപ്പററി യാതൊന്നുമറിഞ്ഞുകൂട—കേരള മുസ്ലീങ്ങളെപ്പററി യാതൊന്നു മറിഞ്ഞുകൂടാ. ഒരു സുപ്രഭാതത്തിൽ അദ്ദേഹം കേരളക്കരയിൽ വന്ന് ഇസ്ലാം മതത്തിൽ ലയിയ്ക്കുവാനാഗ്രഹിച്ച് ഇസ്ലാം മതത്തെ പരിരംഭണം ചെയ്തു. പിന്നീടാണദ്ദേഹത്തിനു യാഥാർത്ഥ്യം ബോദ്ധ്യപ്പെട്ടതു. ഇസ്ലാമിനുമുമ്പുള്ള അറേബ്യയിലെ സ്ഥിതികൾ അദ്ദേഹം പുസ്തകങ്ങളിൽ—അദ്ദേഹത്തിനു നല്ല പരിചയമുള്ള ഭാഷയിൽ വായിച്ചു മനസ്സിലാക്കിയിരുന്നു. അതിൻെറ തനിരൂപം അദ്ദേഹം കേരളീയ മുസ്ലിങ്ങളിൽ കണ്ടു. അവർക്കു വിദ്യാഭ്യാസമില്ല—സംസ്കാരമില്ല—ചാരിത്ര്യമില്ല. അദ്ദേഹം നന്നേ വിഷമിച്ചു. അദ്ദേഹമെന്തു ചെയ്യും!

മി. അമീർ അലി സാഹേബ്! നിങ്ങൾ ഒന്നു ധരിയ്ക്കണം. പരസ്യങ്ങൾ കൊണ്ടു വളരെ പ്രയോജനമുണ്ടെന്നു വിശ്വസിക്കുന്ന ഒരു കാലമാണിതു്. പക്ഷെ അതുപോലെ തന്നെ അതു കണ്ടു ഭ്രമിക്കുന്നവരുടെ സംഖ്യയും തുലോം പരിമിതമാണ്.

മാണിക്യം കുപ്പയിൽ കിടന്നാലും മാണിക്യമാണ്. കർമ്മത്തിനധീനമാണ് ഗുണവൈശിഷ്യങ്ങൾ എന്നു പറഞ്ഞാൽ അവനവൻെറ പ്രവൃത്തികളാണ് അവനവനുള്ള സ്ഥാനം കുറിക്കുന്നതെന്നു മനസ്സിലാക്കുമല്ലോ. ലോകജീവിതത്തിൽ മാന്യസ്ഥാനമലങ്കരിച്ചിട്ടുള്ള യാതൊരുത്തരും ഒരു നിമിഷനേരത്തെ പ്രയത്നത്തിൻെറ ഫലമായി ഉയച്ച് സിദ്ധിച്ചിട്ടുള്ളവരല്ല. അവരെല്ലാം തങ്ങളുടെ പ്രവൃത്തിമാഹാത്മ്യം ലോകത്തെ മനസ്സിലാക്കി ലോകരുടെയിടയിൽ സ്ഥിരപ്രതിഷ്ഠ സമ്പാദിക്കുകയാണ് ചെയ്തിട്ടുള്ളതു്. നിങ്ങളും കർമ്മധീരനാണെങ്കിൽ— പ്രവൃത്തി സന്നദ്ധനാണെങ്കിൽ നിങ്ങളുടെ ചെയ്തികൾ ജനതതിയ്ക്കു രുചിക്കുമെങ്കിൽ നിങ്ങൾക്കും കേരള മുസ്ലിങ്ങളുടെയിടയിൽ മാന്യസ്ഥാനം സിദ്ധിക്കുക തന്നെ ചെയ്യും. അല്ലാതെ പുലഭ്യം പുലമ്പൽ കൊണ്ടോ ഭീഷണികൾ കൊണ്ടോ വിരണ്ടുപോകുന്നവരല്ല നിങ്ങളുടെ സഹോദരങ്ങൾ.

നവമുസ്ലിങ്ങളെ അന്നവസ്ത്രാദികൾ നൽകി തീററിപ്പോററി രക്ഷിക്കേണ്ടഭാരം മുസ്ലിം ലോകത്തിനുള്ളതായി നിങ്ങൾ വിശ്വസിച്ചിരിക്കുന്നതുപോലെ തോന്നുന്നു. മി. അമീറലി സാഹിബ്, നിങ്ങളെ ഇസ്ലാം മതത്തിലേക്കാകർഷിച്ചതു് ഇസ്ലാം മത തത്വങ്ങളോ, അല്ല തീററയൊ? ഇസ്ലാം മതതത്വങ്ങളാണെങ്കിൽ ഇത്തരം തീൻവാദങ്ങളുമായി പൊതുജനസമക്ഷം നിങ്ങൾ പ്രത്യക്ഷപ്പെടുകയില്ലായിരുന്നു.

മുസ്ലിം സമുദായത്തിലെ പട്ടിണിപ്പാവങ്ങളെപ്പററി ചിന്തിച്ചു നിങ്ങൾ കുറേ മുതലക്കണ്ണീർ പൊഴിക്കുന്നുണ്ട്. നിങ്ങൾ എഴുതിയ വാചകങ്ങൾ ഉൾക്കൊള്ളുന്ന ധ്വനി നിങ്ങൾ മനസ്സിലാക്കുന്നെങ്കിൽ എഴുതിപ്പോയ വാചകങ്ങളെ ഉദ്ദേശിച്ചു നിങ്ങൾ ഇപ്പോൾ പശ്ചാത്തപിയ്ക്കുന്നുണ്ടാകണം. മററു ഏതു സമുദായത്തിലുമെന്നപോലെ ഇസ്ലാം സമുദായത്തിലും പാവങ്ങളുണ്ട്. പട്ടിണിക്കാരുണ്ട്. പാവങ്ങളുടെ രക്ഷാമാർഗ്ഗങ്ങളെക്കുറിച്ചു തലകാഞ്ഞു ചിന്തിക്കേണ്ടഭാരം ഓരോ സമുദായാഭിമാനിയ്ക്കുമുണ്ട്. നിങ്ങൾ അഭിമാനിയ്ക്കുന്നതുപോലെ നിങ്ങൾ ഒരു പരിഷ്കർത്താവയിരുന്നെങ്കിൽ പാവങ്ങളുടെ സംരക്ഷണത്തിന്- അവർക്കു കുടിയ്ക്കാൻ കഞ്ഞിയും ഉടുക്കാൻ വസ്ത്രവും കിടക്കുവാനിടവും സമ്പാദിക്കുന്നതിന്- ഉള്ള സാഹചര്യം സൃഷ്ടിക്കുവാനുതകുന്ന ഒരു പ്രായോഗികപരിപാടി സൃഷ്ടിച്ചു സമുദായത്തിൻെറ മുമ്പിൽ സമർപ്പിക്കുമായിരുന്നു. അല്ലാതെ വിശന്നലഞ്ഞുവരുന്ന ഒരുത്തന് ഒരു വയറു കഞ്ഞിയോ ഒരു $\frac{1}{4}$ ണത്തുട്ടോ കൊടുത്തു മഹാമനസ്കത കാണിയ്ക്കുന്നതു് ഔദാര്യ ലക്ഷണമാണെന്നഭിമാനിയ്ക്കുന്നുണ്ടെങ്കിൽ നിങ്ങളുടെ വിചിന്തനങ്ങൾ പതിനെട്ടാം നൂററാണ്ടിലേതാണെന്നറിയിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ തന്നെ പെരുകിയിരിക്കുന്ന യാചകപ്പരിഷകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്നു സൂചിപ്പിക്കുന്ന പരിഷ്കർത്താക്കളിൽ നിന്നു സമുദായത്തെ രക്ഷിയ്ക്കേണമേ എന്നേ അസ്മാദൃശന്മാർക്കു പ്രാത്ഥനയുള്ളൂ.

ജനസംഘങ്ങളുടെ സമുച്ചയമാണല്ലോ സമുദായം. സമുദായത്തിൽ ഭിന്നപ്രകൃതികൾ ലയിച്ചു കിടപ്പുണ്ടാകും. അതിൽ കണ്ടുമുട്ടിയ ഒരു പ്രത്യേകപ്രകൃതിയെ ചൂണ്ടിക്കാട്ടി അതാണൊരു സമുദായമെന്നു പറയുകയാണെങ്കിൽ അതു പറയുന്നവൻെറ അജ്ഞതയെപ്പററി ചിന്തിച്ചു മന്ദഹസിച്ചുപോകുന്നതിൽ അത്ഭുതമില്ല. മുസ്ലിം സമുദായത്തിൽ യാഥാസ്ഥിതികന്മാരുണ്ട്. ചില പരിഷ്കാരങ്ങളെ അവർ എതിർക്കുകയും ചെയ്യും. എതിർപ്പിനോടു നേരിട്ടു, വിജയം സമ്പാദിക്കുവാൻ ശ്രമിയ്ക്കുകയാണ് വേണ്ടതു. അല്ലാതെ "മുങ്ങിച്ചാകുവാൻ മോഹമുണ്ട്. മഴ കൊണ്ടു പുറത്തിറങ്ങുവാനും വയ്യ" എന്നു പറയുന്നതിൽ എന്താണർത്ഥം. സ്വാർത്ഥതയും പ്രത്യേക "കരുതലും" ആർക്കും മേന്മയെത്തിച്ചിട്ടില്ല. ഭാവനയിൽ പണിയുന്ന മണിമേടകൾ മനസ്സിൻെറ ഒരു ചലനം കൊണ്ടു തനിയെ നിലംപതിക്കും. സ്വയം ഉദ്ധരിയ്ക്കുവാൻ ശക്തിയില്ലാത്തവൻ സമുദായോദ്ധാരണത്തിന് പുറപ്പെടരുതു്. അജ്ഞതയും ആഗ്രഹവും കൊണ്ടല്ലന്ന് ഒരു ജനതതിയെ കുററപ്പെടുത്തുന്നതു് ഉദ്ദേശശുദ്ധിയെ സംശയിയ്ക്കാനാണ്. മി. അമീർ അലി നോട്ടീസ്സ് പ്രസിദ്ധീകരിച്ചു മാത്രമേ പ്രവൃത്തനങ്ങൾ തുടങ്ങൂ എന്നുള്ളതു അനുഭവമാണല്ലോ. അദ്ദേഹത്തിൻെറ തുറന്ന കത്തും ഒരു നോട്ടീസല്ലന്നാരുകണ്ടു. മനസ്സിലിരിപ്പു നടപ്പില്ലെന്നു കാണുമ്പോൾ കാണുന്നതെല്ലാം കുററങ്ങളും കുറവുകളുമായിപ്പോകുന്നതു് സ്വാഭാവികമാണ്. ഹേ! മി. അമീർ അലി സാഹിബ്! നിങ്ങൾ ഒന്നു സ്വസ്ഥമായിരുന്നു ചിന്തിച്ചുനോക്കൂ; നിങ്ങളെഴുതിയ വാചകങ്ങൾ നിങ്ങളെ നോക്കി പല്ലിളിക്കുന്നതുകാണാം. ഇല്ലെങ്കിൽ നിങ്ങളെ ഞാനതുബോദ്ധ്യപ്പെടുത്താം.

ഇശാ - അത്തു പ്രവൃത്തനങ്ങളെ കുറിച്ചുള്ള മി. സാഹിബിൻെറ ആരോപണങ്ങൾ മറുപടി അർഹിയ്ക്കുന്നുണ്ടെങ്കിൽ അതിൻെറ ചുമതലക്കാർ അതിനുത്സുകരാകേണ്ടതാണ്.

---

# കൌതുകരംഗം.

## മനുഷ്യൻ സ്രാവി ന്റെ വായിൽ

പോർട്ട് ജർമെയിനു സമീപം കളിച്ചു കൊണ്ടിരുന്ന ആളുകൾ, 15-അടി നീളമുള്ള ഒരു സ്രാവ് ഒരു മനുഷ്യനെ അതിന്റെ വായിലാക്കി അവരുടെ അടുത്തു വെള്ളത്തിൽനിന്നും പൊങ്ങിവന്നപ്പോൾ ഭയവിഹ്വലരായി തീർന്നു. ഉടൻതന്നെ സ്രാവ് അപ്രത്യക്ഷമാവുകയും ആ മനുഷ്യനേയും വായിലാക്കികൊണ്ട് വീണ്ടും പ്രത്യക്ഷപ്പെടുകയും ചെയ്തു. 21-വയസ്സു പ്രായമുണ്ടായിരുന്ന ലാർസ് റാസ് മുസൻ എന്ന നാവികന്റെ ശരീരമായിരുന്നു അതെന്ന് പിന്നീട് അറിയുവാൻ ഇടയായി. അതിന്റെ അടുത്ത ദിവസം തന്നെ അക്സൽഹാരി എന്ന ആളുടേയും ശരീരം കരയിൽ അടിച്ചു കയറി. ഇവർ രണ്ടുപേരും പെനാങ്കിൽ ഉണ്ടായിരുന്ന ഒരു കപ്പലിലെ നാവികന്മാരായിരുന്നു. ഡാൻസ് കണ്ടതിനുശേഷം കപ്പലിലേക്കു തിരിച്ചു പോയപ്പോൾ അവർ കയറിയിരുന്ന ബോട്ട് ഒരു കോളിൽ പെട്ടുമുങ്ങിപ്പോയി 10 ആളുകൾ രക്ഷപെട്ടു.

## ഹിററ്ലരുടെ പുസ്തകം.

231-ാം പതിപ്പ്

ഹെർ ഹിററ്ലർ ഒരു പുസ്തകം എഴുതീട്ടുണ്ട് (*Mein Kampf*) എന്നാണ് അതിന്റെ പേർ. ജമ്മൻഭാഷയിലുള്ള ആ പുസ്തകത്തിന്റെ 231-ാം പതിപ്പാണ് ഇപ്പോൾ പുറത്തായിട്ടുള്ളതു്.

1933 ജനവരി മുതൽ ഒക്ടോബർ വരെയുള്ള കാലത്തിൽ അതായതു നാഷനൽ സോഷ്യലിസ്റ്റ് പാർട്ടിക്കു പ്രാധാന്യം വന്നതോടുകൂടി, ഈ പുസ്തകത്തിന്റെ വില്പന 192,000ൽ നിന്നു 1,200,000 ആയി വദ്ധിക്കുകയുണ്ടായി. ജർമ്മനിയിൽ ഈ പുസ്തകത്തിനു 12 മാക്ക് (1 പവൻ) ആണ് വില.

1936 നവമ്പർമാസമാകുമ്പോഴേക്കും അമേരിക്കയിൽ ഈ ഗ്രന്ഥത്തിന്റെ 7100 കോപ്പി ചിലവായിട്ടുണ്ട്. 1934-ൽ ഇതിന്റെ ഇംഗ്ലീഷ് തർജ്ജമ ലണ്ടനിൽ 5000 കോപ്പി ചെലവായി. അതേകൊല്ലം നവമ്പറിൽ അതിന്ന് മറെറാരു പതിപ്പുകൂടി വേണ്ടിവന്നു. 1936 നവമ്പർ മാസമാകുമ്പോഴേക്കും ഈ പതിപ്പിന്റെ 14,000 കോപ്പികൾ വിററുപോയിരിക്കുന്നു. സ്പാനിഷ്, ഇററാലിയർ, പോർട്ടുഗിസ് മുതലായ ഭാഷകളിൽ ഈ ഗ്രന്ഥം തർജ്ജമ ചെയ്തിട്ടുണ്ട്.

## കളികാര്യമായി

ഇവാൻ ഹജ്ഡക്ക്, എന്ന യുഗോസ്ലേവിയായിലെ ഒരു കൃഷിക്കാരൻ, "ഒരു പ്രേത"ത്തിനെ കൊന്നുഎന്ന കുററത്തിന് ഇപ്പോൾ ജയിൽവാസം അനുഭവിച്ചു വരുന്നു.

ഒരു ദിവസം രാത്രിയിൽ ഇവാൻ അയാളുടെ ഗ്രാമത്തിൽവച്ച്. അദ്ധരാത്രി സമയത്ത് ശ്മശാനസ്ഥലത്തു പോകാമെന്നും, താൻ അവിടെ പോയതായ ലക്ഷ്യത്തിന് അവിടെ നിന്നും കുറെ പുഷ്പങ്ങൾ കൊണ്ടുവരാമെന്നും ചില സ്നേഹിതന്മാരുമായി പന്തയംകെട്ടി. ആ രാത്രിയിൽതന്നെ ഇവാൻ ശ്മശാനത്തിൽ പോയി പുഷ്പങ്ങൾ തേടിനടക്കുമ്പോൾ ഒരു ശവകല്ലറയുടെ പിൻപിൽനിന്നും ഏന്തോ ഒരു വെളുത്തസത്വം പ്രത്യക്ഷപ്പെട്ടു. ഭയവിഹ്വലനായ ഇവാൻ തന്റെ കൈവശമുണ്ടായിരുന്ന റിവാൾവർ കൊണ്ട് ആ പ്രേതത്തിനെ ലക്ഷ്യമാക്കി വെടിവച്ചു. രക്ഷിക്കണെ! എന്ന് അലറികൊണ്ട് പ്രേതം നിലത്തു വീഴുകയും ചെയ്തു അന്ധവിശ്വാസിയായ തന്റെ സ്നേഹിതനെ ഒന്നു പററക്കണമെന്നുള്ള ഉദ്ദേശത്താൽ പ്രേരിതനായ ഇവാന്റെ സ്നേഹിതനായിരുന്നു, പ്രേതരൂപത്തിൽ ശ്മശാനത്തിൽ പ്രത്യക്ഷപ്പെട്ടതു്. എന്നാൽ സ്നേഹിതന്റെ മരണത്തിന് ഇവാൻ ഉത്തരവാദിയല്ലെന്നും, ശ്മശാന ഭൂവിന്റെ ശാന്തതയെ ഭഞ്ജിച്ചതിന് ഇവാനു 2-ആഴ്ചത്തെ തടവു ശിക്ഷ നൽകികൊണ്ടും കോടതി വിധി പ്രസ്താവിച്ചു.

## എത്ര ഭക്ഷണം കഴിക്കും.

അമേരിക്കയിലേയും ജർമ്മനിയിലേയും ചില ശാസ്ത്രജ്ഞന്മാർ ഒരു മനുഷ്യൻ തന്റെ ജിവദശയിൽ എത്ര ഭക്ഷണം കഴിക്കുമെന്നു കണക്കാക്കിയിരിക്കുന്നു.

ഒരു മനുഷ്യൻ 70 കൊല്ലംകൊണ്ട് 4 ലക്ഷം മുതൽ 5 ലക്ഷം വരെ റാത്തൽ അപ്പവും 12,0000 മുട്ടയും 34 ശതവും ഉരുളക്കിഴങ്ങും ഭക്ഷിക്കുന്നുണ്ടുപോൽ. കൂടാതെ വെള്ളംമദ്യംമുതലായ പാനീയങ്ങൾ 500,000 പൈന്റ് വീതം കഴിക്കുന്നുണ്ട്.

മനുഷ്യൻ ശ്വാസിക്കുന്ന വായുവിന്റെ കണക്കു കൂടി ഈ ശാസ്ത്രജ്ഞന്മാർ രേഖപ്പെടുത്തിയിരിക്കുന്നു. ഒരു മിനുട്ടിൽ 17 ക്യൂബിക്ക്മീററർ വായുമനുഷ്യൻ ശ്വാസിക്കുന്നുണ്ട്. അതായതു് ഒരു ജീവകാലംകൊണ്ട് ഒരു മനുഷ്യൻ 50 ലക്ഷം ക്യൂബിക്ക് വാര വായുവാണ് ശ്വാസിച്ചുതള്ളുന്നതു്.

## കൊല്ലം—കൊട്ടാരക്കര

നിയോജകമണ്ഡലം

കൊല്ലം—കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ മുസ്ലിങ്ങൾക്കായ സംവരണം ചെയ്തിരിക്കുന്ന സീററി തിരുവിതാംകൂർ സംയുക്ത രാഷ്ട്രീയസഭ ജോയിൻറ് സെക്രട്ടറിയായ മി. പി. കെ കുഞ്ഞു് ഒരു സ്ഥാനാത്ഥിയായി നില്ക്കുന വെന്നും അദ്ദേഹത്തിന്റെ ഇതപയ്യന്ത്യ ള്ള സാമുദായികവും, രാഷ്ട്രീയവുമായ പ്രവ ത്തനങ്ങളെ അനുസ്മരിച്ച് അദ്ദേഹത്തിന വോട്ടുനൾകണമെന്നും അഭ്യത്ഥിച്ചുകൊണ മെസ്സേഴ്സ് എം. ജി. മാന്ത്യു ബി. എ. ബി എൽ, കെ. കേശവൻ ബി. എ. ബി. എ ഡാക്ടർ സെയിദുഉമ്മർ തങ്ങൾ, എ. എ മുസ്തഫാ എന്നിവർ ഒപ്പിട്ട ഒരു വിജ്ഞാപ നം ഇവിടെ കിട്ടിയിരിക്കുന്നു.

——o——



ഡാക്ടർ ഖാൻ സാഹിബ്

എം. എൽ. എ

## മി. പി. എസ്. നംപൂതിരി യെ അറസ്റ്റ് ചെയ്തു.

പള്ളുരുത്തി, 21—3—37

പള്ളുരുത്തി ടിൻ ഫാക്ടറി സ്ട്രൈക്ക കമ്മിററി കൺവീനർ മി. പി. എസ്. ന പൂതിരിയെ ഇന്നുരാവിലെ 9 മണിക്കു കൊ ച്ചി തൊഴിലാളി യൂണിയൻ ആഫീസിൽ വച്ചു മട്ടാഞ്ചേരി പോലീസ് ഹെഡ് ക ൺസ്റ്റബിൾ അറസ്റ്റ് ചെയ്തിരിക്കുന്നു.

ജാമ്യം അനുവദിച്ചിരുന്നു എങ്കില മി. നംപൂതിരി ജാമ്യത്തിൽ ഇറങ്ങുക ണ്ടായില്ല.

## വിഷയ വിവരം


| | പേജ് |
|---|---|
| യുവാക്കൾ കത്തവ്യ | 3 |
| നിരതരാകുവിൻ | 4 |
| കവിതാപംക്തി | 5 |
| കോൺഗ്രസ്സും ഭരണക്കൂടവും | 6–7 |
| താജ്മഹൽ—ഒരു പ്രേമകുടീരം | 8 |
| ഒരു മറുപടി | 9 |
| കൌതുകരംഗം | 10 |
| മുഖപ്രസംഗം | 11 |
| മുസ്ലിംലോകം | 12 |
| വാരവൃത്താന്തസംഗ്രഹം | 13 |
| ഹൈദരബാദ് നൈസാം | 14 |
| ഞാൻ | 15–16 |
| നിയതിയുടെ ഗതി | 17 |
| ലോക സമാധാനത്തിന്നായി | 18 |
| Blundering over India. | |


### നോട്ടീസ്.

ഈസ്റ്റർ പ്രമാണിച്ചു പ്രസ് ഒഴിവായിരുന്നതിനാൽ കഴിഞ്ഞ ലക്കം "പ്രകാശം" പുറപ്പെടുവിക്കുവാൻ സാധിച്ചില്ല.

മാനേജർ.

# പ്രകാശം.

കൊച്ചി, 1112 മീനം 22-ാംനു-ഞായറാഴ്ച

## മന്ത്രിപദസ്വീകരണം.

ഈ ഏപ്രിൽ 1-ാംനു- മുതൽ ബ്രിട്ടീഷ് ഇന്ത്യയിൽ പുതിയ ഭരണം ആരംഭിച്ചിരിക്കുന്നു. വിജയം ആശംസിച്ചുകൊണ്ടു ചക്രവത്തി തിരുമനസ്സുകൊണ്ടു സന്ദേശം അയക്കുകയും ചെയ്തിരിക്കുന്നു. ഗവർണർമാരുടെ പ്രത്യേകാധികാരം ഉപയോഗിക്കുകയില്ലെന്നു ഉറപ്പു കിട്ടായ്കയാൽ കോൺഗ്രസ് മന്ത്രിസഭാ രൂപീകരണം നിഷേധിച്ചു എങ്കിലും കോൺഗ്രസ്സിന്നു ഭൂരിപക്ഷംകിട്ടീട്ടുള്ള സംസ്ഥാനങ്ങളിൽ ഗവർണർമാർ ഒട്ടുവളരെ ബുദ്ധിമുട്ടി മന്ത്രിസഭാ രൂപീകരണം ഒരു വിധം കഴിച്ചുകൂട്ടിയിരിക്കുന്നു. കോൺഗ്രസ്കാരുടെ നിഷേധാനന്തരം ബൊംബയിൽ, ഗവർണർ മുസ്ലിംലീഗ് പ്രതിനിധി മി. ഫഹ്‌ലവിയെ സമീപിച്ചെങ്കിലും, ലീഗ് കമ്മററിയുടെ നിർദ്ദേശപ്രകാരം അദ്ദേഹവും അതു് ഉപേക്ഷിക്ക തന്നെ ചെയ്തു. നാട്ടിൻെറ പൊതുഗുണത്തിന്നു വേണ്ടികോൺഗ്രസ്സിനോടു സഹകരിക്കാനുള്ള ലീഗിൻെറ സ്തുത്യർഹമായ തീരുമാനം അഭിനന്ദനീയമാണ്. പക്ഷെ, മദ്രാസ്സിൽ,ലീഗിൻെറ ടിക്കററിൽ നിന്നു തിരഞ്ഞെടുപ്പിൽ വിജയിയായ ഖാൻ ബഹദൂർ പി. ഖലീഫുള്ള സാഹിബ് ലീഗിൻെറ അറിവും സമ്മതവും കൂടാതെ മന്ത്രിപദം സ്വീകരിച്ച ആ നാണം കെട്ട കൃതഘ്നതയെ ലീഗ് പാർലിമെൻററി ബോർഡ് പ്രസിഡണ്ടു് മിജമാൽ മുഹമ്മത് സാഹിബ് പ്രതിഷേധിക്കയും ചെയ്തിരിക്കുന്നു.

ഭരണ പരിഷ്കാര നിയമപരിധികളിൽ നിന്നുകൊണ്ടു ഭരണനിർവ്വഹണം നടത്തുന്ന കാലത്തോളവും ബഡ്ജററ് മിച്ചം വരുത്തുന്ന കാലത്തോളവും ഗവർണർമാരും പ്രത്യേകാധികാരം ഉപയോഗിക്കുകയില്ലെന്നു ഉറപ്പ് കൊടുത്താൽ മതിയെന്നു കോൺഗ്രസ്സുകാർ വ്യക്തമാക്കീട്ടും ഗവർണർമാർ വക വയ്ക്കാതിരുന്നതു ക്ഷന്തവ്യമല്ല തന്നെ.

പുതിയ ഭരണപരിഷ്കാരം ശരിയായ പ്രജായത്തമാണെന്നും ഭരണ നിർവ്വഹണ രൂപീകരണം ഇംഗ്ലണ്ടിലെ പാർലിമെൻററി സമ്പ്രദായമനുസരിച്ചാണെന്നും പെരുമ്പറയടിക്കുന്ന ബ്രിട്ടീഷ്കാരുടെ ഫാസിസ്റ്റ് മനോഭാവത്തിന്നും സ്വേച്ഛാധികാര പ്രമത്തതയ്ക്കും ഇതൊരു മകുടോദാഹരണമാണ്. അവിടെ, ഇംഗ്ലണ്ടിൽ മന്ത്രിമാരുടെ ഉപദേശമനുസരിച്ചു ചക്രവത്തി തിരുമനസ്സുകൊണ്ടു് ചക്രവത്തി സ്ഥാനംപോലും ഉപേക്ഷിച്ചുകൊടുക്കുന്നു. ഇവിടെ, ഇന്ത്യയിൽ നാടിൻെറ പൊതുക്ഷേമത്തെ പരിഗണിച്ചു അവരുടെ പ്രത്യേക അധികാര കുത്തകയ്ക്കു വിട്ടുവീഴ്ച ചെയ്യുന്നതിന്നു പോലും ഒരുക്കമില്ലാ. നോക്കണെ പ്രജായത്ത ഭരണത്തിൻെറ പോക്കു!

ഭൂരിപക്ഷം ജനങ്ങളുടെ അഭിലാഷങ്ങളെയും താല്പര്യങ്ങളെയും പരിഗണിച്ചു നടത്തുന്നഭരണത്തിന്നു മാത്രമെ പ്രജായത്ത ഭരണമെന്നു പറയപ്പെടാവൂ. ഭൂരിഹിത സിദ്ധാന്തത്തെ പുരസ്കരിച്ചു ഭരണനിർവ്വഹണം ചെയ്യാൻ ചുമതലപ്പെട്ട ഒരു ഗവർമ്മെൻറിൻെറ പ്രഥമവും പ്രധാനവുമായ കൃത്യം, ഭരിക്കപ്പെടുന്ന രാജ്യത്തിന്നും അതിലെ പരിതസ്ഥിതികൾക്കും സർവ്വോപരി ജനാഭിപ്രായങ്ങൾക്കും അനുകൂലമായവിധം മന്ത്രിസഭയെ രൂപീകരിക്കുകയും അതിൻെറ നടത്തിപ്പിൽ കഴിയുന്നിടത്തോളം ദേശീയതന്മയത്വം സാധിതപ്രായമാക്കിത്തീർക്കുകയും ചെയ്കയെന്നുള്ളതാണ്. ചുരുക്കിപ്പറഞ്ഞാൽ "ജനങ്ങൾക്കുവേണ്ടിജനങ്ങളുടെ ഗവർമ്മെൻറിനെ മന്ത്രിമാർ ഭരിക്കുക എന്നുള്ളതാണ്", അതിന്നുപകരം ഗവർണർമാക്കു വേണ്ടി ജനങ്ങളുടെ ഗവർമ്മെൻറിനെ മന്ത്രിമാർ ഭരിക്കുക എന്നാക്കിത്തീർത്തതു കഷ്ടാൽ കഷ്ടതരമെന്നേ പറയേണ്ടു.

കോൺഗ്രസ്സിന്നു ഭൂരിപക്ഷം കിട്ടീട്ടുള്ള 6 സംസ്ഥാനങ്ങളിലേയും ഭരണം ഗവർണർമാരുടെ ഈ കൈകടത്തൽ നിമിത്തം സുഖകരമാകയില്ലാ.

എന്നാൽ ഗവർണർമാരെ മാത്രം ആക്ഷേപിച്ചാൽ പോരാ. കോൺഗ്രസ്സിൻെറ മേലും ആക്ഷേപമില്ലാതില്ലാ.

ഗവർണർമാരുടെ പ്രത്യേകാധികാരം ഉപയോഗിക്കയില്ലെന്നു ഉറപ്പു കൊടുക്കാത്തപക്ഷം മന്ത്രിപദം സ്വീകരിക്കയില്ലെന്നുള്ള നയം അവർ തെരഞ്ഞെടുപ്പിന്നു മുമ്പുതന്നെ വോട്ടറന്മാരെ ബോദ്ധ്യപ്പെടുത്തേണ്ടതായിരുന്നു. ജനങ്ങൾ വളരെ ബുദ്ധിമുട്ടും പണച്ചിലവും സഹിച്ചു നിയമ സഭകളിൽ കോൺഗ്രസ്സിന്നു ഭൂരിപക്ഷം വരുത്തിയതിനുശേഷം മന്ത്രിപദം നിഷേധിക്കുന്നതു അത്രബുദ്ധിപൂർവ്വമല്ലാ.

ഏതായാലും ഇപ്പോഴത്തെ നിയമസഭകളെ പിരിച്ചു വിട്ടു വീണ്ടും ഒരു തെരഞ്ഞെടുപ്പ് നടക്കാൻ ഇടയുണ്ടു. അതിനാൽ വോട്ടറന്മാരും പൊതുജനങ്ങളും ഉണന്നു ഒരുങ്ങിയിരിക്കണമെന്നു ഞങ്ങൾ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

## കോൺഗ്രസ്സും മുസ്ലീങ്ങളും

മുസ്ലിം ജനസാമാന്യത്തിന്നിടയിൽ കോൺഗ്രസ്സുപ്രചാരവേല നടത്തുന്നതിനും മുസ്ലിം ജനതതിയെ കോൺഗ്രസ് മെമ്പറന്മാരായി ചേക്കുന്നതിന്നും ഉർജ്ജിതമായ പ്രവൃത്തിയെടുക്കണമെന്നു കാണിച്ചു കോൺഗ്രസ് പ്രസിഡണ്ടു പണ്ഡിത് ജവഹർലാൽ നഹ്‌റു എല്ലാ സംസ്ഥാന കോൺഗ്രസ് കമ്മററികൾക്കു സെർക്കുലർ അയച്ചിരിക്കുന്നു. ഈ അവസരത്തിൽ മുസ്ലിമങ്ങളെ അഭിമുഖീകരിച്ചുകൊണ്ടു ഞങ്ങൾക്കു അനുസ്മരിപ്പിക്കാനുള്ളതു കോൺഗ്രസ് ഇന്ത്യയുടെ പൊതു താല്പര്യങ്ങളെ ലക്ഷ്യമാക്കി വേലയെടുക്കുന്ന ഒരു രാഷ്ട്രീയ സംഘമാണെങ്കിലും മുസ്ലിങ്ങൾ അതിൽ ചേരേണ്ടതു് അനുപേക്ഷണീയമാണെങ്കിലും മുസ്ലിങ്ങൾ ന്യൂനപക്ഷമാണെന്നുള്ള വസ്തുത നാം വിസ്മരിക്കരുത്. എണ്ണത്തിൻ അവർ തുലോംകുറവു സാമ്പത്തീകമായി അവരുടെ നില ദയനീയം. വിദ്യാഭ്യാസത്തിൽ അവരുടെ സ്ഥിതി പിന്നോക്കം. രാഷ്ട്രീയമായി അവരുടെ അവസ്ഥപരിതാപകരം. ഈ ദുസ്ഥിതികളെ പരിഹരിക്കുന്നതിന്നു മുസ്ലിമങ്ങൾ സ്വയമായിതന്നെ പരിശ്രമിക്കണം. സമുദായമനസ്ഥിതിയും വഗ്ഗീയബുദ്ധിയും തഴച്ചു വളത്തിക്കുന്ന ഈ ഭാരതഭൂമിയിൽ ഭൂരിപക്ഷക്കാരുടെ വിഷം നിറഞ്ഞ ഹൃദയങ്ങളിൽ നിന്നും പൊട്ടിപ്പുറപ്പെടുന്ന വിഷ വായുവിൽ നിന്നു രക്ഷപെടുന്നതിന്നു മുസ്ലിങ്ങൾ തന്നെ ഉറവശ്രമിക്കണം. നെഹറു റിപ്പോർട്ടും അലഹബാദിലെ സവ്വകക്ഷി ഐക്യ കോൺഫ്രൻസ്സും ന്യൂനപക്ഷങ്ങളെ ഭൂരിപ

# മുസ്ലിം ലോകം.

## വസീറിസ്ഥാൻ ലഹള യുടെ ഉത്ഭവം.

---

ഇന്ത്യയുടെ വടക്കു പടിഞ്ഞാറൻ അതൃത്തിക്കപ്പുറമുള്ള വർഗ്ഗക്കാർ ഇപ്പിയിലെ ഫഖീറിൻെറ നേതൃത്വത്തിൽ ഒരു ലഹള നടത്തുന്നതും ഇതിനെ സംബന്ധിച്ച അസംബ്ളിയിലും മററും ചോദ്യോത്തരങ്ങൾ നടന്നതും പ്രസിദ്ധമാണല്ലോ. ലഹളക്കാർ പല ഹിന്തുകളേയും തട്ടിക്കൊണ്ടു പോകുന്നുണ്ടെന്നും മററും വർത്തമാനമുണ്ട്.

ഇതു സംബന്ധിച്ച മാർച്ച് 22-ാംനു-പെഷവാറിൽനിന്നുള്ള ഒരു വാർത്തയിൽ ഇങ്ങിനെ കാണുന്നു.

വസീറിസ്ഥാനിൽ ഇപ്പോൾ നടക്കുന്ന കലാപങ്ങളുടെ ഉത്ഭവത്തെ സംബന്ധിച്ച പക്ഷപാതികളായ ചിലർ അടിസ്ഥാനരഹിതവും കുസൃതിപൂർണ്ണവുമായ പല വാർത്തകളും പ്രചരിപ്പിച്ചുവരുന്നു. മതഭ്രാന്തന്മാരായ മുല്ലമാരുടെ പ്രചാരവേലയാണ് കലാപങ്ങൾക്കെല്ലാം കാരണമെന്നു ഹിന്തുമഹാസഭ പത്രങ്ങൾ കൊട്ടിഘോഷിക്കുന്നു. ഇതിനെപ്പററി അതൃത്തിയിലെല്ലായിടത്തും പറയുന്ന കഥ എങ്ങിനേയോ, ഇതിൽനിന്നു വ്യത്യസ്തമായ ഒന്നാണ്.

ഒരു പത്താൻ വർഗ്ഗത്തലവൻ ബന്നുവിൽനിന്നു തിരിച്ചെത്തുകയും തൻെറ നേർക്ക് അവിടത്തെ ഒരു ഹിന്തു അധിക്ഷേപം പൊഴിച്ചതിനെ വർണ്ണിക്കുകയും സിക്കുകാരും ഹിന്തുക്കളും ബലമായി തങ്ങളുടെ ഒരു പള്ളി കരസ്ഥമാക്കീട്ടുണ്ടെന്നും, പത്താൻകാരെ ഇന്ത്യയിൽനിന്നു ഓടിക്കുവാൻ ഹിന്തുക്കളുടേയും സിക്കുകാരുടേയും പെണ്ണുങ്ങൾമാത്രം മതിയെന്നുംമററും കുത്തുവാക്കു പറഞ്ഞുഎന്നും അയാൾ പ്രസ്താവിക്കുകയുംചെയ്തതിൽനിന്നാണ് ലഹള ആരംഭിച്ചതെന്നു ബലമായി വിശ്വസിക്കപ്പെടുന്നു.

ഈ സംഭവം ഉണ്ടാകുന്നതിനുമുമ്പു ഹിന്തുമഹാസഭക്കാരുടെ ഒരു സ്വകാര്യസഭ ബന്നുവിൽ കൂടിയിരുന്നുഎന്നും അതിൽ പ്രമാണപ്പെട്ട പല ഹിന്തുനേതാക്കന്മാരും സംബന്ധിച്ചിരുന്നുഎന്നും അതിൽവെച്ചു ഗവർമ്മെണ്ടിനോടൊപ്പം പത്താൻകാരെയും നശിപ്പിക്കുവാൻ ഒരു ഗൂഢ നിശ്ചയം ചെയ്തുഎന്നും പറയപ്പെടുന്നു.

വസീറിസ്ഥാൻ പ്രദേശങ്ങളിൽനിന്നു ഒടുവിൽ കിട്ടിയ വർത്തമാനത്തിൽ പറയുന്നതു അവിടത്തെ നാനാഗോത്രങ്ങളുടേയും തലവന്മാർചേർന്നു ഇപ്പിയിലെ ഫഖീറിനെ ബ്രിട്ടീഷ് ഗവർമ്മെണ്ടിന്നെതിരായുള്ള പ്രക്ഷോഭണം നിറുത്താൻ പ്രേരിപ്പിച്ചുവെങ്കിലും അതുകൊണ്ടുഫലമുണ്ടായില്ലെന്നാണ്.

പ്രമാണപ്പെട്ട പ്രധാനികളടങ്ങിയ ഒരു ജിർഗ്ഗാ ഇപ്പിയിലെ ഫഖീറിനെ അദ്ദേഹത്തിൻെറ സ്ഥലത്തുവെച്ച് സന്ദർശിച്ചുവെന്നും ബ്രിട്ടീഷ് ഗവർമ്മെണ്ടുമായി സമാധാനപരമായ ഒരു യോജിപ്പുണ്ടാക്കുവാൻ അപേക്ഷിച്ചു എന്നും സൂക്ഷ്മമായി അറിയുന്നു. ശഹീദ്ഗഞ്ച്പള്ളി മുസ്ലിമീങ്ങൾക്കു മടക്കിക്കൊടുക്കുക എന്ന നിബന്ധനയും ബന്നുവിൽനിന്നു പുനഃപരിവർത്തനം ചെയ്യപ്പെട്ട ബാലികയെ അവളെ വിവാഹംചെയ്തിരുന്ന യുവാവിന്നുതന്നെ തിരിച്ചു കൊടുക്കേണമെന്ന നിബന്ധനയും ഫഖീർ പുറപ്പെടുവിച്ചുഎന്നും അറിയുന്നു. അതു രണ്ടും ഒഴിച്ചു ഒരു യോജിപ്പുണ്ടാക്കുവാൻ താൻ ഒരുക്കമില്ലെന്നും ഫക്കീർ പറഞ്ഞുവത്രെ. അതുകൊണ്ടാണു വർഗ്ഗപ്രധാനികളുടെ സമാധാനപരിശ്രമം പരാജയപ്പെട്ടതു്.

---

ക്ഷക്കാർ ചൂഷണം ചെയ്യുന്നതിനെ തടയുവാൻ കോൺഗ്രസ്സിന്നു സാധിക്കയില്ലെന്നുള്ളതിന്നു മതിയായലക്ഷ്യങ്ങളാകുന്നു. അതിനാൽ മുസ്ലിങ്ങൾ കോൺഗ്രസ്സിൽ ചേരുന്നതിനോടൊപ്പം മുസ്ലിം ലീഗിലും ചേർന്നു മുസ്ലിം ലീഗ് വിപുലമാക്കണമെന്നാണു ഞങ്ങൾ ഉൽബോധിപ്പിക്കുന്നതു. മുസ്ലിങ്ങളുടെ സംസ്കാരികവും സാമുദായികവുമായ കാര്യങ്ങളെ നോക്കാൻ ലീഗിൻെറ പ്രഭാവം ഒഴിച്ചുകൂടാവുന്നതല്ലാ. കോൺഗ്രസ്സുമായുള്ള നമ്മുടെ സമ്പർക്കം വർഗ്ഗീയ ബുദ്ധികളായ ഹിന്ദുക്കളുമായുള്ള സമ്പർക്കം ആയിരിക്കരുതു. മുസ്ലിങ്ങൾ കോൺഗ്രസ്സിൽ ചേരുന്നതു സ്വാതന്ത്ര്യ സമ്പാദനാർത്ഥമാണെങ്കിലും കോൺഗ്രസ്സിനെ ഹിന്തുക്കളുടെ കളിപ്പാട്ടം ആക്കാൻ അനുവദിക്കാതിരിക്കുന്നതിന്നും വേണ്ടിയായിരിക്കണം. കോൺഗ്രസ്സിൽ ചേരുന്നതിനോടൊപ്പം ലീഗ് ഉടച്ചുകളയണമെന്നുള്ള ചിലരുടെ അഭിപ്രായം ബുദ്ധിശൂന്യവും അവിവേകവുമാണു. ലീഗിൻെറ 14 പ്രശ്നങ്ങൾ മുഖാന്തരം ഇന്നു മുസ്ലിങ്ങൾക്കു ലഭിച്ചിട്ടുള്ള ഗുണപൌരുഷ്ക്കല്യങ്ങൾ അവർണ്ണനീയമാണു. ഭൂരിപക്ഷക്കാരുടെ ചൂഷണത്തിൽ നിന്നും മുസ്ലിങ്ങളെ വീണ്ടെടുത്തു രക്ഷിച്ചതു ലീഗാണെന്നു നാം ഓർക്കണം.

എന്തൊക്കെയായാലും മുസ്ലിങ്ങൾ കോൺഗ്രസ്സിൽ ചേരാതിരിക്കുന്നതു തികച്ചും മൌഢ്യമാണ്. അതും ലീഗിനെ അവഗണിച്ചുകൊണ്ടായിരിക്കയുമരുതു. പണ്ഡിതജിയുടെ ഈ പുതിയ സംരംഭത്തിന്നു ഞങ്ങൾ വിജയം ആശംസിച്ചുകൊള്ളുന്നു.

---

## മുസ്ലിം യുവാക്കന്മാർ മക്കാ സന്ദർശിക്കണം

---

ഹജ്ജ് കഴിഞ്ഞു തിരിച്ചെത്തിയ ഒരു മാന്യൻെറ ഉപദേശം

---


യുവാക്കളും അഭ്യസ്ത വിദ്യരുമായ മുസ്ലിം സഹോദരങ്ങളോടു എനിക്കുപദേശിക്കുവാനുള്ളതു് അവർമക്കാസന്ദർശിക്കുകയും അവിടെ കാണുന്ന സ്ഥിതിഗതികൾ പഠിക്കുകയും ചെയ്യണമെന്നാണ്.

അങ്ങിനെ ഹജ്ജിൻെറ അന്തരാർത്ഥവും ഉദ്ദേശങ്ങളും അവർ മനസ്സിലാക്കണം. എന്നാകുന്നു ജിദ്ദയിൽ നിന്നും എസ്സ്. എസ്സ് ഇസ്ലാമി എന്ന കപ്പലിൽ ഞായറാഴ്ച ബോമ്പെ തുറ മുഖത്തിറങ്ങിയ ആളും ബലൂജിസ്ഥാനിലെ എക്സ്റ്ററാ അസിസ്റ്റാണ്ട് കമ്മീഷണരും ആയ ഖാൻസാഹേബ്മിയാൻ നാസറുദ്ധീൻ അഹമ്മദ് പ്രസ്താവിച്ചതു. പ്രസ്തുത കപ്പലിൽ 1600 ഹാജിമാർ ബോമ്പെ തുറമുഖത്തിറങ്ങി.

രണ്ടാമത്തെ തവണയാണു താൻ ഈ ഹജ്ജിന്നുപോയതെന്നുംപലനാട്ടുകാരുമായ 5000പേർ സംബന്ധിച്ചിരുന്ന ഇക്കൊല്ലത്തെ ഹജ്ജ് ഏററവും വിജയ കരമായിരുന്നെന്നു മദ്ദേഹം പറഞ്ഞു. ഹിജാസിൽ ചെല്ലുന്ന ഇന്ത്യൻ തീർത്ഥയാത്രക്കാൎക്കു വൈദ്യസഹായം നൾകുന്നതിന്നു ഇന്ത്യഗവർമ്മെണ്ടു ചെയ്തിട്ടുള്ള ഏപ്പാടുകളിൽ താൻ ഗവർമ്മേണ്ടിനെ അഭിനന്ദിക്കുന്നു. എങ്കിലും ഡോക്ടർമാരുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതാണ്. മക്കായിലെ ഇന്ത്യൻ ഡിസ്പൻസറി വളര കീർത്തിയുള്ളതാണ്.

മററുരാജ്യങ്ങളിൽനിന്നും എത്തുന്ന ഹജ്ജാജികളെക്കാൾ പ്രായം ചെന്നവരും ആരോഗ്യം ക്ഷയിച്ചവരുമാണ് ഇന്ത്യയിൽനിന്നും ഹജ്ജിന്നു പോകുന്നവരെന്നും, അവിടത്തെ കാലാവസ്ഥയെ പൊറുക്കുവാൻ അവൎക്കു കഴിവില്ലാത്ത കാണപ്പെടുന്നെന്നും ഹജ്ജിന്നുപോകുന്നവൎക്കു ആരോഗ്യപരമായുംവേണ്ടുന്ന“ആവതു”(കഴിവു) ഉണ്ടായിരിക്കേണമെന്ന കാര്യം ഇന്ത്യക്കാർ ഓർക്കണമെന്നും അദ്ദേഹം പ്രസ്താവിച്ചു. അതിന്നും പുറമെ ഇന്ത്യയിൽ നിന്നു അവിടെ ചെന്നിരുന്ന ഹജ്ജാജികളിൽ ഒരു കൂട്ടർ ഇരക്കുന്നതായും ഖാൻ സാഹേബ് കാണുകയുണ്ടായി: ഇതു ഒട്ടും അഭിലഷണീയമല്ല.

ബോമ്പായിൽ ഇറങ്ങിയ ഹജ്ജാജികൾക്കു വേണ്ടുന്ന എല്ലാ ഒത്താശകളും സഹായങ്ങളും പോർട്ട് ഹജ്ജ്കമ്മററിയുടെ എക്സ്ക്യൂട്ടീവ് ആഫീസർ ജ: ടി. സി. മായൻ സാഹേബും, പ്രസിഡണ്ട് ജ: ഹാജി ഹസ്സനാലി പി ഇബ്രാഹിം സാഹേബും ചെയ്തു കൊടുത്തിരുന്നു.



മദ്രാസ് നാട്ടുരാജ്യത്തിലെ പൊളിററിക്കൽ ഏജൻറുദ്യോഗം (ഏജൻറു ടു ദി ഗവർണ്ണർ ജനറൽ) എന്ന ഉദ്യോഗം പുതിയ ഇന്ത്യാനിയമം നടപ്പിലായ തീയതി മുതൽ നിറുത്തിയിരിക്കുന്നു. അതിനു പകരം മദ്രാസ് നാട്ടുരാജ്യത്തിലെ റസിഡണ്ടു എന്ന ഉദ്യോഗം നടപ്പാകുന്നു. നാട്ടുരാജ്യങ്ങളുടെ ഇടപാടുകൾ മേലാൽ പുതിയ ഇന്ത്യാഭരണനിയമമനുസരിച്ചു ചക്രവർത്തി തിരുമനസ്സിലെ പ്രതിനിധിയുമായിട്ടായിരിക്കും.

ഏപ്രിൽ അന്ത്യവാരത്തിൽ കേരള പ്രോവിൻഷ്യൽ കോൺഗ്രസ്സിൻെറ വാർഷിക സമ്മേളനം ശ്രീയുത് ജയപ്രകാശ് നാരായണൻെറ അദ്ധ്യക്ഷതയിൽ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു.

മി. രാജഗോപാലാചാരി, മി. പ്രകാശം എന്നിവർ ഏപ്രിൽ 22-ാംനു- കോഴിക്കോട്ടെത്തുന്നതാണ്.

സമസ്ത കേരള നായർ മഹാസമ്മേളനം മീനം 29-ാംനു- മുതൽ കൊല്ലത്തുവച്ചു നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. നായർ സമ്മേളനാദ്ധ്യക്ഷൻ ശ്രീമാൻ കെ. ററി. ചന്തുനമ്പ്യാർ (B. A. B. L) അവർകളും സ്ത്രീസമ്മേളനാദ്ധ്യക്ഷ ശ്രീമതി കുട്ടിമാളു അമ്മ (M. L. A)യും ആകുന്നു.

മലബാർ ഡിസ്ത്രിക്ട് ബോർഡിൻെറ തിരഞ്ഞെടുപ്പ് തിയ്യതി തീർച്ചപ്പെടുത്തികൊണ്ടുള്ള കല്പന ഇക്കഴിഞ്ഞ 18-ാംനു- തിരഞ്ഞെടുപ്പ് ആപ്പീസർക്കു കിട്ടിയിരിക്കുന്നു. സ്ഥാനാർത്ഥികൾ നോമിനേഷൻ പത്രം ഏപ്രിൽ 17-ാംനു- കൊടുക്കണം. 18-ാംനു- നോമിനേഷൻപത്രം പരിശോധിക്കും. തിരഞ്ഞെടുപ്പ് ഏപ്രിൽ 28-ാംനു-യും വോട്ടെണ്ണൽ ഏപ്രിൽ 30-ാംനു-യും ആണ്. നോമിനേഷൻപത്രം സ്വീകരിക്കുന്നതിന്ന് അതാത് സ്ഥലങ്ങളിലെ താസിൽദാർക്ക് അധികാരം നൽകീട്ടുണ്ട്.

മലബാർ ഡിസ്ത്രിക്ട് ബോർഡ് വിഭജനക്കാര്യം പുതിയ മന്ത്രി സഭയുടെ തീരുമാനത്തിന്ന് വിടേണ്ടതാണെന്ന് ഗവമ്മേണ്ട് തീരുമാനിച്ചതായറിയുന്നു.

# വാരവൃത്താന്തസംഗ്രഹം.

## ഭാരതം

അലഹബാദ് ഹൈക്കോടതി ജഡ്ജിയായ സർ ഷാമഹമ്മദ് സുലൈമാനേയും മി. എം. ആർ. ജയക്കറിനേയും 1937 അക്ടോബർ 1-ാംനു- മുതൽ ഫെഡറൽ കോടതി ജഡ്ജിമാരായി നിയമിച്ചു കൊള്ളുവാൻ ചക്രവർത്തി തിരുമനസ്സുകൊണ്ടു അനുവദിച്ചിരിക്കുന്നു.

യുണൈററഡ് പ്രോവിൻസസ് നിയമസഭയിലെ കോൺഗ്രസ്സ് പാർട്ടിയിൽ പെട്ടമെമ്പർമാർ, അവർക്കു കിട്ടുന്നഅലവൻസിൽ 20 ശതമാനം കോൺഗ്രസ്സ് ഫണ്ടിലേക്കു സംഭാവന ചെയ്യണമെന്നു തീരുമാനിച്ചിരിക്കുന്നു.

സ്പെയിനിലെ യുദ്ധത്തിൽ ഇരുഭാഗത്തും യുദ്ധം ചെയ്യുന്ന മുസ്ലിംങ്ങൾക്കു വൈദ്യസഹായത്തിനായി ഇൻഡ്യയിൽ നിന്നും 800 പവൻ പിരിക്കുന്നപക്ഷം ബ്രിട്ടീഷ് റെഡ്ക്രസൻറ് സൊസൈററിയുടെ പ്രസിഡൻറായ ആഗാഖാൻ തിരുമനസ്സുകൊണ്ട് 100 പവൻ സംഭാവന ചെയ്യാമെന്നു വാഗ്ദത്തം ചെയ്യുകയും അതനുസരിച്ച് റെഡ്ക്രസൻറ് സൊസൈററി ഒരു അഭ്യർത്ഥന പുറപ്പെടുവിക്കുകയും ചെയ്തിരിക്കുന്നു.

ദിവാൻ ബഹദൂർ ഗോപാലസ്വാമി അയ്യങ്കാരെ കാശ്മീരിലെ പ്രധാന മന്ത്രിയായി നിയമിച്ചിരിക്കുന്നു.

പ്രാദേശിക നിയമ സഭകളിൽ കോൺഗ്രസ്സിന് ഭൂരിപക്ഷം ലഭിച്ച പ്രോവിൻസുകളിൽ മന്ത്രിപദം സ്വീകരിക്കാമെന്നുള്ള കോൺഗ്രസ്സിൻെറ തീരുമാനമനുസരിച്ച് ഗവർണർമാർ പ്രത്യേകാധികാരങ്ങൾ ഉപയോഗിക്കുകയില്ലെന്നു ഉറപ്പുകൊടുക്കാത്തതിനാൽ മന്ത്രിപദം സ്വീകരിക്കുവാൻ നിവൃത്തിയില്ലെന്നു കോൺഗ്രസ്സ് പാർട്ടി നേതാക്കന്മാർ തീരുമാനിച്ചിരിക്കുന്നു:

താൽക്കാലിക മന്ത്രി സഭാരൂപവൽക്കരണത്തെ ഇന്ത്യാ ആക്ട് അനുവദിക്കുന്നുണ്ടോ എന്ന് അസംബ്ലിയിലെ നിയമപണ്ഡിതന്മാരായ കോൺഗ്രസ്കാർ ആരാഞ്ഞുവരുന്നു.

വാർദ്ധായിൽ വച്ച് ഏപ്രിൽ 10-ാംനു- കൂടുവാൻ നിശ്ചയിച്ചിരുന്ന കോൺഗ്രസ് വർക്കിംഗ്കമ്മററിയോഗം തൽക്കാലം നീട്ടിവെച്ചിരിക്കുന്നു.

ഇന്ത്യയ്ക്കകത്തു ബുക്ക്പാക്കററൺ, സാമ്പിൾപാക്കററുകൾ എന്നിവയ്ക്കു 1937 ഏപ്രിൽ 1-ാം തീയതി മുതൽ താഴെ കാണുന്ന പുതുക്കിയ തപാൽനിരക്കു ചുമത്തുന്നതാണ്—

ആദ്യത്തെ രണ്ടര തോലയ്ക്കോ അംശത്തിനോ ആറു പൈ. കൂടുതലുള്ള ഓരോ രണ്ടര തോലയ്ക്കും അംശത്തിനും മൂന്നു പൈ. നാല്പതു തോലവരെയുള്ള പാഴ്സലുകൾക്കു നാലണ. കൂടുതലുള്ള ഓരോ നാല്പതു തോലയ്ക്കും അംശത്തിനും നാലണ.

## വിദേശം

ബ്രിട്ടീഷ് ചക്രവർത്തിയുടെ കിരീടധാരണം പ്രമാണിച്ചു ലണ്ടനിൽ എത്തുന്ന മാന്യാതിഥികൾക്കു വിരുന്നു സൽക്കാരത്തിനായി 40000 പവൻ ചിലവഴിക്കാൻ ഉദ്ദേശിച്ചിരിക്കുന്നു.

1937-ാം വർഷത്തിലേക്കുള്ള തുർക്കിയുടെ ബഡ്ജററിൽ ചിലവ് ഇനമായി ഉദ്ദേശിച്ചിട്ടുള്ള സംഖ്യ 38,250,000 പവനാണ്. ഇതു കഴിഞ്ഞ കൊല്ലത്തേതിനേക്കാൾ ഏതാണ്ട് 3,000,000 പവൻ കൂടുതലാണ്.

തുർക്കി വിമാനസേനയെ വലുതാക്കുവാനുള്ള ശ്രമങ്ങളെ പററി ഒരു പ്രധാന തുർക്കി പത്രം വിവരിക്കുന്നു. അടുത്ത ഭാവിയിൽ തന്നെ തുർക്കിക്കു 1000 വിമാനങ്ങളും 15000 വൈമാനികൻമാരും ഉണ്ടായിരിക്കുന്നതാണ് എന്നും ആ പത്രം പറയുന്നു.

പെഷവാറിലെ "ഖബ്ദാം" എന്ന പത്രത്തിൻെറ അധിപരായിരുന്ന മി. ഖാലിഖുർറഹ്മാൻ എല്ലാ ഇസ്ലാമിക രാജ്യങ്ങളിലും ലോകത്തിലെ മററു ചില പ്രധാന രാജ്യങ്ങളിലും കാൽനടയായി ഒരു സഞ്ചാരം നടത്തുന്നതിന്നു നിശ്ചയിച്ചിരിക്കുന്നു. ഈ മാസാവസാനത്തിലാണു ഈ യാത്ര ആരംഭിക്കുവാൻ അദ്ദേഹം ഉദ്ദേശിക്കുന്നതു്.

ബ്രിട്ടീഷ് സാമ്രാജ്യത്തിൻെറ പൊതുരക്ഷയെപ്പററി പരിചിന്തനം ചെയ്യുവാൻ അടുത്തു ലണ്ടനിൽ വച്ചു കൂടുവാൻ നിശ്ചയിച്ചിരിക്കുന്ന സാമ്രാജ്യസമ്മേളനത്തിൽ ഐർലണ്ടു പങ്കുകൊള്ളുമോയെന്നു സംശയിക്കപ്പെടുന്നു. പ്രസ്തുത സമ്മേളനത്തിൽ ഐർലാണ്ടിന്നു യാതൊരു താല്പര്യവുമില്ലെന്നും ആയതിനാൽ ഐർലണ്ടു സമ്മേളനത്തിൽ പങ്കുകൊള്ളേണമോയെന്നു ബലമായി സംശയിക്കുന്നുവെന്നും മി. ഡിവാലറാ പ്രസ്താവിച്ചിരിക്കുന്നു.

1937-ൽ സമാധാനത്തിനുള്ള നോബൽ സമ്മാനാർഹന്മാരുടെ കൂട്ടത്തിൽ മഹാത്മാ ഗാന്ധിയേയും നിർദ്ദേശിച്ചിരിക്കുന്നു. നിർദ്ദേശകൻെറ പേരു വെളിപ്പെടുത്തിയിട്ടില്ല. ഗാന്ധിജിയെ നിർദ്ദേശിക്കാൻ നാർവേജിയൻ ഇന്ത്യൻ സുഹൃത്സംഘത്തിനോടു അപേക്ഷിക്കാമെന്നു സമ്മാനാർഹരുടെ പേരു നിർദ്ദേശിക്കാൻ അധികാരമുള്ള ഒരാൾ സമ്മതിച്ചിരിക്കുന്നു എന്നേ അറിയുന്നുള്ളു.

## മുസ്ലിം വിദ്യാർത്ഥികൾ

### സർ. സി. പി. ക്കു. മംഗളപത്രം കൊടുക്കുന്നു.

തിരുവനന്തപുരം ജൂബിലിഹാളിൽവച്ചു മുസ്ലിംവിദ്യാർത്ഥിസംഘത്തിൻെറ ഒരു പൊതുയോഗം കൂടി, ദിവാൻ സചിവോത്തമൻ



സർ സി. പി. രാമസ്വാമി അയ്യർക്കു ഒരു മംഗളപത്രം സമർപ്പിച്ചിരിക്കുന്നു. ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരായ പല മാന്യന്മാരും യോഗത്തിൽ സന്നിഹിതരായിരുന്നു. മി. എൻ. അബ്ദുറഹിമാൻ സാഹിബ് ബി എ. ബി എൽ എം. എൽ. ഏ. അവർകളാണു് മംഗളപത്രം വായിച്ചതു് അതിനു മറുപടിയായി ദിവാൻജി അവർകൾ താഴെ കാണുംവിധം ഒരു പ്രസംഗം ചെയ്തു.

"എനിക്കു മദ്രാസിലെ മുസ്ലിം വിദ്യാഭ്യാസ സംഘവുമായി, 15 വർഷത്തിൽ കൂടുതൽ അടുത്തു പരിചയിക്കുവാൻ അവസരം കിട്ടിയിട്ടുണ്ടു്. കൂടാതെ സംഘപ്രവർത്തകന്മാരിൽ ചിലരുമായി പലവിധത്തിൽ ഇടപെടുന്നതിനും അവരോടൊപ്പം ചിലതെല്ലാം സംഘത്തിനുവേണ്ടി ചെയ്യുന്നതിനും എനിക്കു സാധിച്ചിട്ടുണ്ടു്. വിദ്യാഭ്യാസപരമായ നിങ്ങളുടെ സകല സംരംഭങ്ങളിലും ഗവർമെൻറിൻെറ പരിപൂർണ്ണമായ സഹായസഹകരണങ്ങൾ ഉണ്ടായിരിക്കുമെന്നു നിങ്ങൾക്കു വിശ്വസിക്കാം. ഇങ്ങനെയുള്ള വിഷയങ്ങളിൽ പ്രവർത്തനം നടത്തുന്ന, യാതൊരു സംഘക്കാരോടും ഗവർമെൻറു അനുഭാവം പ്രകടിപ്പിക്കാതിരിക്കയില്ലല്ലോ. കൂടാതെ മുസ്ലിം സമുദായത്തിൻെറ പുരോഗമനത്തിലും അഭിവൃദ്ധിയിലും മഹാരാജാവു തിരുമനസ്സിലേക്കു അതിയായ ആഗ്രഹവും താല്പര്യവും ഉണ്ടെന്നു എനിക്കറിയാം.

ഇങ്ങനെ അദ്ദേഹം തുടർന്നുപ്രസംഗിച്ചുകൊണ്ടു യൂറോപ്യൻ ദേശങ്ങളിൽ സംസ്കാരപരമായും വിദ്യാഭ്യാസപരമായും മുസ്ലിം സമുദായം ചെയ്തിട്ടുള്ള സേവനങ്ങളെപ്പററി പലതും പ്രസ്താവിച്ചു.

അറബി, ഉറുദു, എന്നീ ഭാഷകളുടെ മാഹാത്മ്യത്തെപ്പററി അദ്ദേഹം പ്രതിപാദിച്ചു. മുസ്ലിം വിദ്യാർത്ഥികളുടെ ഇടയിൽ ഇപ്പോൾ നിലവിലിരിക്കുന്ന ചില വൈഷമ്യങ്ങൾക്കു നിവാരണമുണ്ടാക്കുന്നതിനു അദ്ദേഹം വേണ്ടതു ചെയ്യാമെന്നു ഏററു.

മുസ്ലിം സ്ത്രീകളുടെ വിദ്യാഭ്യാസത്തെപ്പററി ദിവാൻജി അവർകൾ ശ്രദ്ധേയങ്ങളായ ചില അഭിപ്രായങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നു. മുസ്ലിംസ്ത്രീകളുടെ ഇടയിൽ വിദ്യാഭ്യാസം വർദ്ധിപ്പിക്കേണ്ടതു് അത്യാവശ്യമാണെന്നും ഏററവും പ്രധാനമായ ആ വിഷയത്തെ വിസ്മരിച്ചു ചെയ്യുന്ന എല്ലാ സമുദായ പരിഷ്കാരവും അസ്ഥാനത്തിലാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. പഞ്ചാബിലെ സ്ഥിതിഗതികളെപ്പററി പരിചയമുള്ള അദ്ദേഹം അവിടെ സ്ത്രീകളുടെ ഇടയിൽ വേണ്ടവിധം വിദ്യാഭ്യാസം ഇല്ലാത്തതുകൊണ്ടുള്ള ദോഷങ്ങളെ പരാമർശിച്ചു ചില ഉദാഹരണങ്ങൾ പറയുകയുണ്ടായി. അവിടെ അടിക്കടി സിവിൽക്കോടതികളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വസ്തുസംബന്ധമായ തർക്കക്കേസ്സുകളുടെ കാരണം സ്ത്രീകളുടെ ഇടയിൽ വിദ്യാഭ്യാസം തീരെ ഇല്ലാഞ്ഞതാണ്. അതിനാൽ ഇവിടത്തെ സമുദായസ്നേഹികളായ മുസ്ലിങ്ങൾ സ്ത്രീവിദ്യാഭ്യാസകാര്യത്തിൽ വളരെ ശ്രദ്ധ പ്രകടിപ്പിക്കണമെന്നു അദ്ദേഹം ഉൽബോധിപ്പിച്ചു. കൂടാതെ മുഹമ്മദീയ സമുദായത്തിനു വ്യവസായവാണിജ്യങ്ങളിൽ ഉള്ള നേതൃത്വം. അവർ വിദ്യാഭ്യാസത്തിലും കരസ്ഥമാക്കണമെന്നും മററും പ്രസ്താവിച്ചുകൊണ്ടു അദ്ദേഹത്തിൻെറ പ്രസംഗം അവസാനിപ്പിച്ചു.

——o——

## ഹൈദ്രാബാദ് നൈസാം

### ഇംഗ്ലണ്ടിലേക്ക്.

ലോകത്തിലെ മഹാപ്രഭുവായ ഹൈദ്രബാദ് നൈസാം, ചക്രവർത്തിയുടെ കിരീടധാരണം പ്രമാണിച്ചു് ഇംഗ്ലണ്ടിലേക്കു യാത്രചെയ്യുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രതിവർഷം പതിനഞ്ചുലക്ഷം പവനാണു് നൈസാമിൻെറ ആദായം. ഇദ്ദേഹത്തിന് ഇപ്പോൾ അൻപത്തഞ്ചു വയസ്സ് പ്രായമുണ്ട് നൈസാമിൻെറ രണ്ടു പുത്രന്മാരും. അവരുടെ ഭാര്യമാരും കുറെ സൈന്യങ്ങളും രാജസദസ്സിലെ ഒട്ടേറെ അംഗങ്ങളും അദ്ദേഹത്തെ അനുഗമിക്കുന്നതായിരിക്കും. ഒരു ലക്ഷത്തിൽപരം പവൻ ഇതിലേക്കു ചിലവുവരുന്നതാണെന്നും സ്ട്രാത്ത്മൂർ എന്ന കപ്പലിലെ ഇരുപതു മുറികൾ നൈസാമിനു വേണ്ടി പ്രത്യേകം ഏർപ്പാടു ചെയ്തിട്ടുണ്ടെന്നും അറിയുന്നു. ഏപ്രിൽ മാസാവസാനത്തിൽ അദ്ദേഹം ഇംഗ്ലണ്ടിൽ എത്തുന്നതാണ്. ഇംഗ്ലണ്ടിൽ ഹാംപ്ടൻ കോർട്ടിലായിരിക്കും അദ്ദേഹത്തിൻെറ താമസം. നൈസാം കരയ്ക്കിറങ്ങുമ്പോൾ ബഹുമാനസൂചകമായി വെടികൾ വയ്ക്കുമെന്നും രാജോചിതമായ ഒരു സ്വീകരണം നൽകപ്പെടുമെന്നും അറിയുന്നു. തനിക്കുള്ള അസംഖ്യം അനർഘരത്നങ്ങളിൽ ചിലതു കിരീടധാരണവേളയിൽ ധരിക്കുന്നതിനായി അദ്ദേഹം കൂടെ കൊണ്ടുപോകുന്നതാണ്.



കപ്പലിലെ താമസവേളയിൽ മററുള്ളവരുടെ ഭക്ഷണസാധനങ്ങളുമായി സങ്കലനം ഭവിക്കാതെ അദ്ദേഹത്തിനു പ്രത്യേകം ഭക്ഷണം പാകംചെയ്യുന്നതായിരിക്കും. മററുള്ളവർ കാണാതെ കായികാഭ്യാസം നടത്തുന്നതിന് കപ്പലിൻെറ ഒരു ഭാഗം മാററിക്കെട്ടുന്നതാണ്. അദ്ദേഹത്തിൻെറ അംഗരക്ഷകന്മാരിൽ ഒരാൾ രാത്രികാലങ്ങളിൽ വാതുക്കൽതന്നെ കിടന്നുറങ്ങുന്നതും മുറിക്കകത്തു ഊരിപ്പിടിച്ച വാളുകളുമായി രണ്ടുപേർ നിൽക്കുന്നതുമാണ്.

അദ്ദേഹത്തിന് ൫൦ ലക്ഷം പവൻ വിലയ്ക്കുള്ള രത്നങ്ങളുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

——

# ഞാൻ

## സരസമായ ഒരു ആത്മകഥാകഥനം.

ടി. വി. യൂസഫ്, പറപ്പൂര്.

എന്റെ പേരു കേൾക്കാത്തവരാരുമില്ല. അതുപോലെതന്നെ എന്നെ ആഗ്രഹിക്കാത്തവരും അനുഗ്രഹിക്കാത്തവരും ചുരുക്കമാണ്. ഞാനാരാണെന്നോ? ഞാൻ എന്റെ ചരിത്രസംക്ഷിപ്തം ഗ്രഹിപ്പിക്കാം. ഞാൻ സർവ്വരാലും മാനിക്കപ്പെടുന്നവനാണ്. വെസ്ററ് ഇൻഡീസിലെ ക്യൂബാ (*Cuba*) ഐലൻറാണ് എന്റെ പൂർവ്വികന്മാരുടെ ജന്മഭൂമി. ക്യൂബായുടെ തലസ്ഥാനപട്ടണമായ ഹവാനാ (*Havana*) യിലെ പൂർവ്വനിവാസികളാണത്രെ അവരെ—എന്റെ കുടുംബങ്ങളെ—ആദ്യമായി സേവിക്കുവാൻ തുടങ്ങിയവർ. എന്നാൽ ഇപ്പോൾ സർവ്വസ്ഥലങ്ങളിലുമുണ്ട് എന്റെ കുടുംബങ്ങൾ. അവിടങ്ങളിലെല്ലാം അവരെ സേവിക്കുന്നവരും ധാരാളമുണ്ട്.

എന്റെ പൂർവ്വികന്മാർ ക്യൂബായിൽനിന്ന് അമേരിക്കയിൽ കുടിയേറിപ്പാർപ്പ് തുടങ്ങിയതെന്നാണെന്നോ അവരെ അവിടേയ്ക്കു കൊണ്ടുപോയതാരാണെന്നോ എനിക്കറിഞ്ഞുകൂടാ. എങ്കിലും അമേരിക്കയിൽനിന്ന് അവരെ യൂറോപ്പിലേക്ക് കൊണ്ടുപോയത് യൂറോപ്പിൽനിന്നു ഇന്ത്യയിലേക്കുള്ള കപ്പൽമാർഗ്ഗം കണ്ടുപിടിപ്പാൻ കൊളമ്പസിനെ തുടർന്ന് സാഗരസഞ്ചാരം ചെയ്ത സർ വാൾട്ടർ റാലി എന്ന മഹാനാണെന്നുള്ളതു് തീർച്ചയാണ്. ആദ്യം അദ്ദേഹവും ക്രമേണ അദ്ദേഹത്തിന്റെ അനുഗാമികളും അവരെ പരിരക്ഷിച്ചും പരിസേവിച്ചും പോന്നു. എന്തിനേറെ? ഒട്ടനാൾ ചെല്ലുന്നതിനു മുമ്പായി ശീമക്കാരിലധികംപേരും അവരുടെ സേവകരായിത്തീർന്നു. അതോടുകൂടി കുടുംബബലവും ക്രമപ്രവൃദ്ധമായി വർദ്ധിക്കുവാൻ തുടങ്ങി. എന്നാൽ അവരുടെ ആ ഭാഗ്യദീപം അധികകാലം അങ്ങനെതന്നെ തുടർന്നു പ്രകാശിക്കുകയുണ്ടായില്ല. ഏതോ ഒരു സ്വാർത്ഥി അഭിപ്രായപ്പെടുകയുണ്ടായി, എന്റെ വർഗ്ഗക്കാരെ സേവിക്കുന്നവർ അനാരോഗ്യരായി തീരുമെന്ന്. തന്നിമിത്തം അന്നത്തെ ശീമാഗവർമെന്റു അവരെ—എന്റെ വർഗ്ഗക്കാരെ—ആരും സേവിച്ചുപോകരുതെന്നും അങ്ങനെ ചെയ്യുന്നവർ കഠിനമായി ശിക്ഷിക്കപ്പെടുന്നതാണെന്നുമുള്ള ഒരു വിജ്ഞാപനം പ്രസിദ്ധീകരിച്ചു. എങ്കിലും 1665 ആരംഭിച്ചതോടുകൂടി അണഞ്ഞുപോയിരുന്ന അവരുടെ ഭാഗ്യദീപിക വീണ്ടും പ്രകാശമാനമായി. അക്കൊല്ലത്തിലാണ് ഇംഗ്ലണ്ടിൽ കലശലായ പ്ലേഗ് ബാധയുണ്ടായതു്. എന്നാൽ പ്ലേഗ് എന്റെ വർഗ്ഗക്കാരെ സേവിച്ചിരുന്നവരിൽ അധികംപേരേയും ബാധിക്കാതെ അവരെ ബഹുമാനിച്ചു. തന്നിമിത്തം മുൻപ്രസ്താവിച്ച ഗവർമെന്റാജ്ഞ പിൻവലിക്കപ്പെട്ടു. അനന്തരം ദേവാലയങ്ങളിൽപോലും പ്രവേശനം അനുവദിച്ചു മാന്യമായ പല സ്ഥാനമാനങ്ങളും നൽകി അന്നാട്ടുകാർ അവരെ പൂർവ്വാധികം ബഹുമാനിച്ചു.

1615-ൽ ആണത്രെ എന്റെ വർഗ്ഗക്കാർക്ക് ഇന്ത്യയിൽ പ്രവേശനം ലഭിച്ചതു്. ഇംഗ്ലണ്ടിലെ ജയിംസ് പ്രഥമന്റെ തോമസ്റോ എന്ന രാജദൂതനാണ് അവരെ ഇന്ത്യയിലേക്ക് കൊണ്ടുവന്നതു്. അന്നത്തെ ഇന്ത്യാചക്രവർത്തിയായിരുന്ന ഷാജിഹാൻ തിരുമനസ്സുകൊണ്ട് അവരെ സകൌതുകം സ്വീകരിച്ചു. അന്ന് ചക്രവർത്തി തിരുമനസ്സുകൊണ്ടും പ്രഭുക്കന്മാർ, സചിവസത്തമന്മാർ തുടങ്ങിയ മഹാരഥന്മാരും മാത്രം സേവിച്ചിരുന്ന എന്റെ വർഗ്ഗക്കാരെ ഇന്ന് ഇന്ത്യയിലെ മിക്കപേരും—ഏഴുനില മാളികയുടെ മുകൾത്തട്ടിൽ "കാന്താകരാന്ദോളിത താലവൃന്ദ-ക്കാറേററു മൂടേതുമറിഞ്ഞിടാതെ" ഉല്ലസിക്കുന്ന മെച്ചക്കാരനും കയ്യിൽ ചിരട്ടയും മെയ്യിൽ 'പൊക്കണ'വുമേന്തി പെരുവഴിയിൽ തെണ്ടിത്തിരിയുന്ന പിച്ചക്കാരനും—ഒരുപോലെ സേവിക്കുന്നുണ്ട്. ഇന്നത്തെ സ്ഥിതി നോക്കുന്നാപക്ഷം എന്റെ വർഗ്ഗക്കാരെ സേവിക്കാത്തവർ മനുഷ്യരല്ല; അവരുടെ സാന്നിദ്ധ്യമില്ലാത്ത കൊട്ടാരം കൊട്ടാരമല്ല; കുടിൽ കുടിലല്ല; സദസ്സ് സദസ്സല്ല; പോക്കററ് പോക്കററല്ല; സദ്യ സദ്യയല്ല. ചുരുക്കിപ്പറയുന്നപക്ഷം ഒന്നും ഒന്നുമല്ല. എന്റെ വർഗ്ഗക്കാരുടെ സാന്നിദ്ധ്യത്തോടുകൂടിയല്ലാതെ അതിഥിയെ സൽക്കരിക്കുന്ന ആൾ മാന്യനല്ല. എന്തിനേറെ? എന്റെ വർഗ്ഗക്കാരന്റെ സാന്നിദ്ധ്യമില്ലാതെ ചെയ്യുന്ന ഒരു പ്രവൃത്തിയും സ്തുത്യർഹവും പ്രായോഗികവുമല്ല.

വൃദ്ധന്മാരുടെ ചീട്ടുകളി സ്ഥലങ്ങളും "സൊറ*വിതരണ" മണ്ഡപങ്ങളും തുടങ്ങി പറയന്മാരുടെ മദ്യപാനസഭകൾവരെ സകല ദിക്കിലും ഒരുപോലെ പ്രവേശനവും സ്ഥാനവും ഉള്ള എന്റെ കുടുംബാംഗം എല്ലാവരുടേയും കണ്ണിലുണ്ണിയും, ഉററബന്ധുവും, ഉത്തമഗുരുവും, തികഞ്ഞ ഉപദേശകനും, പെട്ടിയുടെ താഴ്ക്കോലും, വെററിലയിലെ ചുണ്ണാമ്പും, മെത്തയിലെ വിരിപ്പും, ഗ്ലാസിലെ വെള്ളവും, പനിക്ക് ക്വയിനാവും, തണുപ്പിനു ഫ്ളാനലും, സഭ്യക്കും മറെറല്ലാററിനും അലങ്കാരവുമാണ്.

പ്രസംഗവശാൽ ചരിത്രകഥനം വിചാരിച്ചതിലുമധികം ദീർഘിച്ച് ആത്മപ്രശംസയായി പരിണമിച്ചുവോ എന്നു സംശയിക്കുന്നു. എങ്കിലും പൌരാണിക ഇന്ത്യൻ ഭരണാധികാരികൾ എന്റെ വർഗ്ഗക്കാരോട് കാണിച്ച മർദ്ദന നയത്തെക്കുറിച്ചുകൂടി അല്പം പ്രസ്താവിച്ച് എന്റെ ചരിത്രകഥനത്തെ അവസാനിപ്പിച്ചേക്കാം. പണ്ട് ഇന്ത്യൻ മുസ്ലിം ഭരണാദ്ധ്യക്ഷന്മാർ വിജാതീയരായ പ്രജകളിൽനിന്ന് ഒരുതരം നികുതി—ജിസിയ (*Poll-tax*)—ഈടാക്കിയിരുന്നുവല്ലോ. അതുപോലെ ജനങ്ങൾ എന്റെ വർഗ്ഗക്കാരുടെ നേരെ പ്രദർശിപ്പിച്ച വാത്സല്യാതിരേകത്താൽ അസൂയാലുക്കളായ ഭരണാധികാരികൾ ഒരുകാലത്ത് എന്റെ വർഗ്ഗക്കാരുടെ പേരിലും ഒരുതരം നികുതി ചുമത്തിയിരുന്നു. എന്നാൽ ഇന്ന് തിരുവിതാംകൂർ, കൊച്ചി എന്നീ നാട്ടുരാജ്യങ്ങളൊഴിച്ച് മറെറാരേടത്തും ആ ദൂഷിച്ച സമ്പ്രദായം നടപ്പില്ല. അവർണ്ണക്ക് ക്ഷേത്രപ്രവേശനമനുവദിച്ച തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സുകൊണ്ടെങ്കിലും ഇയ്യുള്ളവരുടെ നേരെ കനിഞ്ഞൊന്നു കടാക്ഷിക്കാതിരിക്കുമോ? എന്റെ വർഗ്ഗക്കാരുടെ മാഹാത്മ്യത്തെക്കുറിച്ചു ഒരു 'മഹാമഹാ'കവി പാടിയ

"ഉരുട്ടീട്ടോ, ചുരുട്ടീട്ടോ,
പൊടിച്ചിട്ടോ തഥൈവച
മൂന്നിലൊന്നിങ്കലൂന്നാഞ്ഞാൽ
തോന്നാവേണ്ടുന്നതൊന്നുമേ" എന്ന

പദ്യശകലത്തെക്കുറിച്ച് ആലോചിച്ചെങ്കിലും ആ മഹാനുഭാവൻ ഇയ്യുള്ളവരെ അവിടത്തെ—തിരുവിതാംകൂറിലെ—കുത്തകശൃംഖലയിൽനിന്നും വിമോചിതരാക്കാതിരിക്കയില്ല. നിശ്ചയം.

ഇത്രയും പറഞ്ഞതിൽനിന്ന് തന്നെ എന്നെ എല്ലാവർക്കും മനസ്സിലായിട്ടുണ്ടാകുമെന്നു വിശ്വസിക്കുന്നു. ഇല്ലെങ്കിൽ, സർ വാൾട്ടർ റാലി ആദ്യമായി സേവിച്ച അവസരത്തിൽ തന്റെ പരിചാരകപ്പരിഷയെ കണക്കിലേറെ പരിഭ്രമിപ്പിച്ച ആ അപരിചിത കുടുംബത്തിലെ ഒരംഗമാണെങ്കിലും ഇന്ന് ഏവർക്കും സുപരിചിതനായ ഞാൻ—ഞാനോ? ഞാൻ പു—ക—യി—ലയല്ലാതെ മററാരുമല്ല!

---

* സ്ഥലഭേദമനുസരിച്ചു ഇതിനു സൊള്ള്, പുളു, ഉണ്ടയില്ലാവെടി എന്നിങ്ങനെ നാനാവിധം പേരുകളുണ്ട്.

ചെറുകഥാപംക്തി

# നിയതിയുടെ ഗതി.

(സാഹിബ് ടി. പി. മഹ്മൂദ്, ഇടവാ.)

രാമൻനായർ:— കേട്ടോ കുറുപ്പേ! കൊച്ചു കുഞ്ഞു് കേറിക്കേറി തലവരെ എത്തിയിരിക്കയാണ്.

കൃഷ്ണക്കുറുപ്പ്:— ആരുടെ തലയിലാണദ്ദേഹം കയറിയതു്?

രാ: നാ:- കുറുപ്പിനെല്ലാം കളിതന്നെ. ഉം. നിങ്ങൾക്കറിഞ്ഞുകൂടാ. അവൻെറ തണ്ടൊന്നും.

കൃ: കു:- അയാളെന്താ കാണിച്ചതു്?

രാ: നാ:- അവനോ? മിനിഞ്ഞാന്ന് ഒരഞ്ഞൂറു രൂപാ കൊടുത്തയക്കാൻ ഒരെഴുത്തും കൊടുത്തു ആളെ അയച്ചിരുന്നു. എന്നിട്ടെന്താ അവൻ പറഞ്ഞയച്ചതെന്നറിയാമോ?

കൃ: കു:- എന്താണ് പറഞ്ഞയച്ചതു്?

രാ: നാ: രൂപാ വാങ്ങിയതായി ഞാൻ അവനൊരു രേഖ കൊടുക്കണം പോലും!

കൃ: കു:- രേഖയില്ലാതെ കടം തരാൻ ഏതു മണ്ടൻ കാണും.

രാ: നാ:- ഞാനല്ലേ അവനോടു ചോദിച്ചതു്?

കൃ: കു:-നിങ്ങൾക്കെന്താണൊരു പ്രത്യേകത

രാ: നാ:- എന്തു്? എൻെറ ചോറു തിന്നല്ലേ അവൻ വളന്നതു്? എൻെറ പുരയിടത്തിലല്ലേ അവൻ താമസിച്ചുവന്നതു്?

കൃ: കു:- നിങ്ങളുടെ പുരയിടമോ? നിങ്ങളുടെ ചോറോ? എന്താണീ പറയുന്നതു്?

രാ: നാ:- എൻേറതല്ലെങ്കിൽ എൻെറ അമ്മാവൻെറ.

കൃ: കു:- ഇപ്പോഴോ. അയാൾ ജോലി ചെയ്തു സമ്പാദിച്ചു സുഖമായി താമസിക്കുന്നു.

രാ: നാ:- അവൻ സുഖമായി താമസിക്കുന്നു! അവൻെറ നിലവും പുരയിടവും ഇരുനിലമാളികയും എല്ലാം തകത്തേയ്ക്കാം.

കൃ: കു:- എന്താണ് നായരേ! നിങ്ങളിങ്ങനെ പറയുന്നതു്.

രാ: നാ:- ഇങ്ങനെ പറഞ്ഞാൽ മാത്രം മതിയോ. അവനെ പറപ്പിച്ചു വിട്ടല്ലേ.

കൃ: കു:- എന്തു് ദ്രോഹമാണ് നിങ്ങൾ ചെയ്യുന്നതു്? അമ്മാവൻെറ വസ്തുവിൽ താമസിച്ചിരുന്നതു കാരണം പറഞ്ഞു സാധുക്കളെ ഉപദ്രവിക്കാൻ തുടങ്ങിയാൽ ന്യായം മറുപുറത്തു് വിധി എഴുതുന്നതു് എങ്ങനെയായിരിക്കുമെന്നു നല്ലപോലെ ഓർമ്മിക്കണം.

രാ: നാ:- അവൻ സാധുപോലും. ലക്ഷാധിപൻ സാധു പോലും!

കൃ: കു: അയാൾ ജോലിചെയ്തു സമ്പാദിച്ചിട്ടാണ്.

രാ: നാ:- അല്ലെന്നു ഞാൻ പറഞ്ഞോ

കൃ: കു: പിന്നെന്താ നിങ്ങൾക്കു വേലയെടുത്തുകൂടെ.

രാ: നാ:- ഞാൻ വേല എടുക്കുന്നില്ലെന്നു പറഞ്ഞില്ലല്ലോ. ഫിലിപ്പോസിനു കൊടുക്കാനുള്ള 500 രൂപാ കൂടി കൊടുത്തെങ്കിൽ സൊല്ല ഒഴിയുമായിരുന്നു.

കൃ: കു:- കുടുംബസ്വത്തും നശിപ്പിച്ചു് കടവും വരുത്തി വച്ചിട്ടു് അന്യരോടു് രൂപാ ചോദിച്ചാൽ വല്ലവരും തരുമോ. കിടക്കുന്ന വീടുപോലും പണയത്തിലാണ്. എന്നിട്ടും, രൂപാ, രൂപാ.

നായക്കു് സമാധാനമില്ലാതായി. അയാൾ താടിക്കു കൈകുത്തി താഴോട്ടു് നോക്കി ഇരിപ്പായി.

കൃ: കു:- എന്താണ് നായരേ ഇത്ര വിഷമം തോന്നുന്നതു്. ഞാൻ പറയുന്നതു് കാര്യമാണ്. അല്ലാത്തതു വല്ലതുമുണ്ടെങ്കിൽ ചോദിച്ചുകൊള്ളു.

രാ: നാ:- കുറുപ്പേ! നിങ്ങളിങ്ങനെയൊന്നും പറയരുതു്.

കൃ: കു:- ഇങ്ങനെ പറയാനിടവന്നതിൽ എനിക്കു അതിയായ സങ്കടമുണ്ടു്. ആ സാധുവിനെ ഉപദ്രവിക്കാൻ തുനിയരുതെന്നാണ് ഞാൻ പറയുന്നതു്.

രാ: നാ:- എന്നെ ഉപദേശിക്കാൻ നിങ്ങളാരാണ്. അതുമെൻെറ വീട്ടിൽ വച്ചു്

രാമൻ നായരുടെ ഭാവം മാറിയതു കൃഷ്ണക്കുറുപ്പ് സൂക്ഷ്മമായി ദശിച്ചു. ഇനി അധികം സമയം താമസിക്കുന്നതു് നല്ലതല്ലെന്നു മനസ്സിലാക്കി നായരോടു യാത്ര പറഞ്ഞു പിരിഞ്ഞുപോയി. കൃഷ്ണക്കുറുപ്പ് രാമൻനായരുടെ ഒരു അടുത്ത മിത്രമാണ്.

രാമൻനായർ പുരാതനമായ മംഗലശ്ശേരി തറവാട്ടിലെ ഒരംഗമാണ്. നായരുടെ അമ്മാവനും മരിച്ചുപോയ ആളുമായ കൊച്ചുണ്ണിനായർ സമ്പാദിച്ചതും കുടുംബസ്വത്തായി ലഭിച്ചിട്ടുള്ളതും ചേത്തു കുറച്ചധികം സ്വത്തുണ്ടായിരുന്നു. രാമൻനായർ കാരണവസ്ഥാനം ഏററതോടുകൂടി സ്വത്തുക്കൾ ഓരോന്നായി അന്യകൈവശം ചെന്നുചേന്നു. സ്വത്തു മുഴുവൻ നശിച്ചു എന്നു മാത്രമല്ല, കടവും വദ്ധിച്ചു നിക്കപ്പൊറുതി ഇല്ലാതായിരിക്കയാണ്.

രാമൻനായക്കു വയസ്സ് 29 ഉണ്ടു്. നായക്കു ഭാര്യ ഒന്നേ ഉള്ളുവെങ്കിലും മൂന്നു സ്ത്രീകളുടെ ചിലവു കൂടി നിർവ്വഹിക്കേണ്ടതുണ്ടു്. നായരുടെ യൗവനവും, സ്വത്തിൻെറ വലിപ്പവും ഈ നാലിൽതന്നെ തൃപ്തി അടഞ്ഞതു് ഭാഗ്യമെന്നേ വിചാരിക്കേണ്ടു. പണക്കാരുടെ പിന്നാലെ 'പിണി' പോലെ പററിക്കൂടുവാൻ ഇക്കാലത്തും ചിലരുണ്ടാകാറുണ്ടല്ലോ. നായരും ഈ ബാധയിൽനിന്നൊഴിഞ്ഞ ആളായിരുന്നില്ല. നായക്കുമുണ്ടു് ഒരുസേവകൻ. അയാളുടെ പേർ 'കിട്ടുണ്ണിനായർ' എന്നാണെങ്കിലും സാധാരണ വിളിച്ചു വരുന്നതു് കിട്ടു എന്നാണ്. കള്ളത്തരം, വഞ്ചന എന്നാദിയായ ദുർഗ്ഗുണങ്ങൾ അഖിലവും കിട്ടുവിൻെറ സ്വന്തമാണ്. കൊലപാതകം ഇയാൾക്കു് ബഹുസന്തോഷമാണ്.

II

അന്ധകാരമയമായ രാത്രി! ഇരുട്ടിനു കറുപ്പേററുവാൻ കറുത്ത മേഘങ്ങൾ അന്തരീക്ഷത്തിൽ നിറഞ്ഞുകിടക്കുന്നു. ഇരുളിൽ ഭയന്നിട്ടെന്നപോലെ വൃക്ഷങ്ങൾ നിശ്ചലരായി കഴിഞ്ഞുകൂടുന്നു. വിണ്ണിലെ താരങ്ങൾ ഒന്നും തെളിഞ്ഞു കാണുന്നില്ല.

ഏകദേശം ഒരു 11മണിയാകും. മംഗലശ്ശേരി തെക്കെക്കെട്ടിൻെറ തളത്തിൽ രണ്ടുപേരിരുന്നു എന്തൊ ചിലതൊക്കെ സംസാരിക്കുന്നു. ആളുകളെല്ലാം സുഷുപ്തിയിൻ മുഴുകി കഴിഞ്ഞുകൂടുന്നതിനാൽ ഇവരുടെ സംസാരശബ്ദമല്ലാതെ മറെറാന്നും കേൾക്കാനില്ല. ഇവർ രണ്ടുപേരുടെയും സംഭ്രമവും, കൂടക്കൂടെയുള്ള മിഴിച്ച നോട്ടവുംകൊണ്ടു് എന്തോ നിഗൂഢമായ സംഗതികൾ ആലോചിക്കുകയാണെന്നു ആക്കും മനസ്സിലാക്കാം. ഇവർ നമ്മുടെ രാമൻനായരും സേവകൻ കിട്ടുവുമല്ലാതെ മററാരുമല്ല.

രാ: നാ:- പിന്നല്ലാതെ? ഞാനിതു പറയാൻതുടങ്ങിയിട്ടു് എത്രകാലമായി.

കിട്ടു:- ഞാൻ വല്ല തടസ്സവും പറഞ്ഞോ. ഇന്നാണെങ്കിൽ ഇന്നുതന്നെ.

രാ: നാ:- അയ്യോ! അതുവേണ്ട. 24-ാംനു- രാത്രി ഒപ്പിച്ചാൽമതി.

കിട്ടു:- എന്നാൽ അങ്ങനെതന്നെ.

രാ: നാ:- കിട്ടു! ഇവനൊരുത്തൻ പോയാൽ കിട്ടുന്നതെന്തൊക്കെയാണെന്നു നല്ലതുപോലെ ഓർമ്മിക്കണേ. തെററല്ലെ.

കിട്ടു:- കൊള്ളാം കൊള്ളാം! ഒരുലക്ഷത്തി അമ്പതിനായിരം വെറുതേയൊ.

രാ: നാ:- അതുമാത്രമോ? അവൻെറ ആ പെണ്ണ്! ആ മധുര കൊഴഞ്ചാത്തി ആ ഓമന തങ്കക്കുടം അയ്യ! അവൾ!

കിട്ടു:- ഒരു വെടിക്കു രണ്ടു പക്ഷി.

രാ. നാ:- അതാണ് വേല

കിട്ടു പെട്ടെന്നു് തെക്കോട്ടുതിരിഞ്ഞു മിഴിച്ചുനോക്കി. എന്തോ ഒരു സംശയംതോന്നി വെളിക്കിറങ്ങി അവിടമെല്ലാം പരിശോധിച്ചു. ആരുമില്ലാ എന്നു തീച്ച്വരുത്തി തിരിച്ചുവന്നു സംഭാഷണം തുടന്നു.

കിട്ടു:- സംഗതി ഒപ്പിച്ചാൽ കിട്ടുവിന്ന് ആയ്യായിരം

രാ. നാ:- ഒരു നൂറുകൂടെ സമ്മാനമായിട്ടു്

കിട്ടു:- ബലേ!

രാ. നാ:- അവിടെ കിട്ടു എങ്ങനേയാ കടക്കുക

കിട്ടു:- അതെല്ലാം കിട്ടു ഒപ്പിച്ചുകൊള്ളാം.

രാ നാ; അന്നു് രാത്രി ഞാൻ അവിടെ പോയി കിടന്നുകൊള്ളാം. കിട്ടുവിനെ സഹായിക്കാമല്ലൊ.

കി:- എനിക്കു ആരുടേയും സഹായം വേണ്ട

രാ. നാ:- വേണ്ടിവന്നാൽ

കിട്ടു:- അതെല്ലാമിരിക്കട്ടെ നേരം അധികമായി അന്നു കിട്ടുവിനൊന്നു മേന്താതെ കഴിയുകയില്ല.

രാ. നാ:- അതു വേണം

കിട്ടു:- അതിനു ചക്രമില്ലാതെ കഴിയുമോ.

രാ. നാ:- ചക്രം തരാമല്ലൊ

നായർ മേശതുറന്നു തപ്പിപ്പുറക്കി 4 ചക്രം എടുത്തു കൊടുത്തു

കിട്ടു ചക്രം കൈയിൽ വാങ്ങിയിട്ടു "ഇന്നു് തിയതി 22 അല്ലേ" എന്നു ചോദിച്ചു.

രാ. നാ:- അതെ

കിട്ടു:- എന്നാൽ ഇനി കാണുന്നതു് 25-ാംനു- കാലത്തു്

രാ. നാ:- സംഗതി ഒന്നുംമറന്നുപോകരുതേ

കിട്ടു രാമൻനായരെ ഒന്നുനോക്കി എന്നിട്ടു ഉടുപ്പിനിടയിൽ നിന്നും ഒരു കഠാരി വലിച്ചൂരിഎടുത്തു ഇരുട്ടിൽ മിന്നിച്ചു് ഇങ്ങനെ പറഞ്ഞു "കിട്ടുവിന്റെ കൈയിൽ ഇതു വെറുതെയല്ല വച്ചിരിക്കുന്നതു്."

രാമൻനായർ വളരെ സന്തോഷിച്ചു. കിട്ടു യാത്രപറഞ്ഞു് ആ കററാക്കററിരുട്ടത്തു് തന്റെ വീട്ടിലേയ്ക്കു് പോയി

നേരം കുറച്ചു അധികമായിരുന്നുവെങ്കിലും രാമൻ നായർക്കു് അശേഷം ഉറക്കം വന്നില്ല. കുബേരപദവിയും സ്വപ്നം കണ്ടു അയാൾ രാത്രി കഴിച്ചുകൂട്ടി.

III

കൊച്ചുകുഞ്ഞു് ആൾ സുമുഖനാണ്. നല്ല ചെറുപ്പം ഒന്നരലക്ഷത്തിന്റെ ഉടമസ്ഥനാണ്. അതു് അവകാശംവഴി കിട്ടിയതൊന്നുമല്ല സ്വന്തം കൈകൊണ്ടു വേലഎടുത്തു് ഉണ്ടാക്കിയിട്ടുള്ളതാണ്.

കൊച്ചുകുഞ്ഞിന്റെ അഛനമ്മമാരും വലിയ ദരിദ്രരായിരുന്നു. മംഗലശ്ശേരിതറവാട്ടുകാരുടെ ഒരുവസ്തുവിലായിരുന്നു അവർ താമസിച്ചുവന്നതു്. കൊച്ചുകുഞ്ഞു പ്രായമായതിനുശേഷം വേലഎടുത്തു പണമുണ്ടാണ്ടി വേറെ വസ്തുവാങ്ങി, അങ്ങോട്ടു മാറി പാർപ്പുതുടങ്ങി. ക്രമേണ സ്വത്തു് വർദ്ധിച്ചുവന്നു. ഇപ്പോൾ രൂപയായിട്ടു അമ്പതിനായിരം ബാങ്കിൽ തന്നെ കിടപ്പുണ്ടു്.

മംഗലശ്ശേരിയിലെ ഇപ്പോഴത്തെ കാരണവരും കൊച്ചുകുഞ്ഞും ഒരുമിച്ചു വളന്നവരാണ് ഒന്നു കുബേരകുമാരനാണെങ്കിൽ മറേറതു് കുചേലബാലൻ! രാമൻനായർ കൊച്ചുകുഞ്ഞിനെ പലവിധത്തിലും ഉപദ്രവിച്ചിരുന്നു. കൊച്ചുകുഞ്ഞു് അതിലൊന്നും ക്രുദ്ധിക്കാതെ സഹിച്ചുവന്നു. ചെറുപ്പത്തിലെനല്ല ശീലത്തോടുകൂടിയാണ് അയാൾ വളന്നുവന്നതു്.

"തൊട്ടിലിൽ ശീലം ചുടലയിലെമാറൂ" എന്നാണല്ലോ പഴമൊഴി. അതനുസരിച്ചു് കൊച്ചുകുഞ്ഞിനു ചെറുപ്പത്തിലെ സിദ്ധിച്ച സദ്ഗുണങ്ങൾ ഇപ്പോൾ വർദ്ധിച്ചിട്ടുള്ളതല്ലാതെ അതിൽ യാതൊരു വ്യതിയാനവുമുണ്ടായിട്ടില്ല. രാമൻനായരുടെ ദുശ്ശീലം വളന്നു് വളന്നു് മൂർദ്ധന്യത്തിൽ എത്തിയിരിക്കയാണിപ്പോൾ. എങ്കിലും കൊച്ചുകുഞ്ഞു് അയാൾക്കു് 1200 രൂപ ഇപ്പോഴും വെറുതെ കൊടുത്തു. രാമൻനായരെ പലവിധത്തിലും സഹായിക്കാൻ അയാൾ സദാ സന്നദ്ധനാണ്.

x x x x

24-ാംനു- സൂര്യൻ അസ്തമിച്ചു. ഇരുൾ എങ്ങും കേറിനിറഞ്ഞു. രണ്ടുമൂന്നു നക്ഷത്രങ്ങൾ അങ്ങുമിങ്ങും പ്രകാശിക്കുന്നുണ്ടു്. രാമൻനായർ ആനന്ദമഠത്തിലേക്കു് (കൊച്ചുകുഞ്ഞിന്റെ ഭവനം) നടന്നുതുടങ്ങി. അയാൾ നടന്നു നടന്നു ഉദ്ദിഷ്ടഗൃഹത്തിന്റെ ഗെയിററുവരെ എത്തി. അകത്തു കയറാൻ ഭാവിച്ചു. പക്ഷെ അയാളുടെ കാൽ അനങ്ങുന്നില്ല. ശരീരം വിറച്ചു; വിയത്തു. കുറച്ചുനേരം അങ്ങിനെ കഴിച്ചുകൂട്ടി. ഒടുവിൽ ഒരുവിധം ധൈര്യം അവലംബിച്ചു് അകത്തുകടന്നു. കൊച്ചുകുഞ്ഞു് പൂമുഖത്തിരിക്കുകയായിരുന്നു. രാമൻനായരെ കണ്ട ഉടനെ എഴുന്നേററു് ഒരു കസേര നീക്കിയിട്ടിട്ടു് ഇരിക്കുവാൻ പറഞ്ഞു. രണ്ടുപേരും ഇരുന്നു; പലതും പറഞ്ഞു. മണി 8½ യോളമാകും. ഊണിനുള്ളകാലമായതിനാൽ രണ്ടുപേരും എഴുന്നേററു് ഊണുകഴിച്ചു തിരിച്ചുവന്നു വീണ്ടും സംഭാഷണമാരംഭിച്ചു. കുറച്ചുനേരം കഴിഞ്ഞപ്പോഴേയ്ക്കും രാമൻനായർ ഉറക്കം തൂങ്ങിത്തുടങ്ങി. അയാൾ ഉറക്കത്തിനുള്ള വട്ടംകൂട്ടുന്നതു് കണ്ടു് കൊച്ചുകുഞ്ഞു് അതിഥിക്കു് ഉറങ്ങുവാനുള്ള മുറികാണിച്ചു കൊടുത്തു. "ഇന്നേതായാലും പോവുന്നില്ല." എന്നുപറഞ്ഞു രാമൻനായർ ഉറങ്ങുവാൻ പോയി.

കുറെ കഴിഞ്ഞതിനുശേഷം കൊച്ചുകുഞ്ഞും ശയനമുറിയിലേക്കു് പോയി.

ആറേഴുമാസം കൊണ്ടു് ശരിക്കുറങ്ങുവാൻ സാധിക്കാതിരുന്ന നായർക്കു് സുഖമായുറങ്ങാൻ സൌകര്യം ലഭിച്ചതിൽ അതിരററു് സന്തോഷിച്ചും നാളെമുതൽ ഇതെല്ലാം തനിക്കു് അധീനമാകുമല്ലോ എന്നു വിചാരിച്ചും കിടന്ന നായർ പെട്ടന്നുതന്നെ സുഷുപ്തിയിൽ ലീനനായി.

രാത്രി അർദ്ധമായി. ലോകമെല്ലാം നിശ്ശബ്ദമായിരിക്കുന്നു. വെളിച്ചമില്ലാതെ കണ്ണുകാണാൻ പ്രയാസം. ഒരു സ്വരൂപം ആനന്ദമഠത്തിന്റെ മതിൽ ചാടി ഭവനത്തിനടുത്തുവന്നു. വാതലുകളെല്ലാം തട്ടിനോക്കി പൂമുഖത്തിന്റെ തെക്കെ കതകു് ചാരിയിരിക്കുകമാത്രം ചെയ്തിരുന്നതിനാൽ അതിലൂടെ അകത്തുകടന്നു. മനോഹരമായഒരു ദീപം ഇരുട്ടിൽ മിന്നുന്നതു് അയാൾ കണ്ടു. അയാൾ അതിനടുത്തു ചെന്നു. ഈ കഠിനഹൃദയർ കാണിക്കുന്നതിനു സാക്ഷിനില്ക്കാൻ സാധിക്കുകയില്ലെന്നമട്ടിൽ അതു പെട്ടെന്നു അണഞ്ഞു പോയി. അയാൾ അവിടമെല്ലാം തെരഞ്ഞു കയ്യിലുണ്ടായിരുന്ന തീപ്പെട്ടിക്കോൽ ഉരച്ചു കൂടെക്കൂടെ പ്രകാശം കാണിച്ചു കൊണ്ടിരുന്നു. താൻ ആരായുന്നതു് കാണാഞ്ഞിട്ടെന്നപോലെ നെററിചുളിച്ചു. ഒരു മുറിതുറന്നു അകത്തുകടന്നു. അവിടെ മൂന്നുനാലു പെട്ടികൾ ഇരിക്കുന്നതു് കണ്ടു. അയാൾ അതു പ്രയാസപ്പെട്ടു പൊക്കിനോക്കി വീണ്ടും അവിടത്തന്നെ വച്ചു. അയാളുടെ ആനനം ആനന്ദം കൊണ്ടു പ്രസന്നമായി ആ കരാളന്റെ രാക്ഷസത്വം ആവിധത്തിൽ ഒന്നു കുറഞ്ഞു. പക്ഷെ അവന്റെ ഹൃദയം അതുകൊണ്ടൊന്നും തെളിഞ്ഞില്ല. അയാൾ തുറന്നുകിടന്ന വേറൊരു മുറിയിൽ നോക്കി. അതിനകത്തു രണ്ടുപേർ കിടക്കുന്നതു കണ്ടു. അവർ വാല്യക്കാരാണെന്നു തീർച്ചവരുത്തി ഒച്ചയിടാതെ തിരിച്ചു പൂമുഖത്തു് വന്നു. അപ്പോഴേക്കും തീപ്പെട്ടിക്കോൽ തീർന്നുപോയിരുന്നതിനാൽ വെളിച്ചം കാണാൻ സാധിച്ചിരുന്നില്ല. അയാൾ തപ്പിത്തിരിഞ്ഞു് പൂമുഖത്തിന്റെ വടക്കെ അററത്തു് കാണുന്ന വിശാലമായ മുറിയിൽ കടന്നു. അതിനകമെങ്ങും ഇരുട്ടു നിറഞ്ഞിരുന്നു. അയാൾ അവിടെ എല്ലാം സൂക്ഷിച്ചുനോക്കി. എലി വധത്തിനൊരുങ്ങുന്ന മാർജ്ജാരനെപ്പോലെ അയാൾ മുറിക്കകത്തു കിടന്നിരുന്ന ആളിനെ തുറിച്ചുനോക്കി. അനന്തരം ഒരു കഠാരി വലിച്ചൂരി എടുത്തു. മുറിയുടെ പടിഞ്ഞാറെ ഭിത്തിയോടു ചേർത്തു വച്ചിരിക്കുന്ന കട്ടിലിൽ കിടന്നുറങ്ങിയ ആ മനുഷ്യന്റെ മാറിടത്തിൽ ഊക്കോടെ ഒന്നു കുത്തി കുത്തുകൊണ്ടു അയാൾ ഒന്നു പിടിച്ചു; നിമിഷത്തിനുള്ളിൽ മരിക്കുകയും ചെയ്തു. ആ ഘാതകൻ അടങ്ങിയില്ല. അയാൾ ജഡത്തിന്റെ കാലിൽ പിടിച്ചിഴച്ചു വെളിക്കുകൊണ്ടുവന്നു. ഗെയിററു കടന്നു നേരെ പടിഞ്ഞാറോട്ടു തിരിച്ചു. ഇടയ്ക്കിടക്കു് ഇങ്ങനെ പറയുന്നുണ്ടായിരുന്നു "എടാ! നിന്നെ കടലിൽ ഒഴുക്കിയേയ്ക്കാം" ഏകദേശം രണ്ടു ഫർലാംഗ് ദൂരമായപ്പോൾ ഒരാൾ കണ്ടുമുട്ടി. അതു് ഗൂഢസഞ്ചാരത്തിനിറങ്ങിയ പോലീസ് ഇൻസ്പെക്ടർ ആയിരുന്നു. ഇൻസ്പെക്ടർ വിസിൽ ചെയ്തു. രണ്ടുപോലീസുകാർ ഉടൻഎത്തി; ഘാതക

# ലോകസമാധാനത്തിന്നായി

## എങ്ങിനെ പ്രവൎത്തിക്കാം.

(സാധുശിവ പ്രസാദ്)

ലോകത്തിലെങ്ങും യുദ്ധങ്ങളും കലാപങ്ങളും തല പൊന്തിച്ചു നോക്കുന്ന ബഹളങ്ങൾക്കുമദ്ധ്യേ ഇരുന്നുകൊണ്ട് ദൈവത്തിൻെറ സമാധാനം ഭൂമുഖത്തിൽ സ്ഥാപിക്കുവാൻ വല്ല വഴിയുമുണ്ടോ എന്നു ചിന്തിച്ചു നോക്കുന്നതു് ഒരുപക്ഷെ ഭോഷത്വമാണെന്നു പലരും വിചാരിക്കുമായിരിക്കാം. എന്നാൽ എൻെറ ചെറുപ്പം മുതല്ക്കേ ഞാൻ വിചാരിച്ചിരുന്ന മനോരാജ്യങ്ങളിൽ ഒന്നു് ഈ "ശാന്തസ്വപ്നം" ഒന്നു മാത്രമായിരുന്നു. ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിൽ കീരിയും പാമ്പും പോലെ പെരുമാറുന്നതു എനിക്ക് വളരെ ചെറുപ്പം മുതല്ക്കേ അനുഭവപ്പെട്ടിട്ടുണ്ട്. ഞാൻ എൻെറ 9-ാമത്തെ വയസ്സിൽ മലപ്പുറത്തു താമസിച്ചിരുന്ന കാലത്താണ് പ്രസിദ്ധപ്പെട്ട "കുണ്ടുവെട്ടിലഹള" നടന്നിരുന്നതു്. അക്കാലത്തു ഞാൻ ഒരു ചെറിയ കുഞ്ഞായിരുന്നുവെങ്കിലും എല്ലാ മനുഷ്യൎക്കും ഒരു ദൈവമെയുള്ളു എന്ന പരമാൎത്ഥം എങ്ങിനെയൊ എൻെറ ഉള്ളിൽ കയറിയിരുന്നു. സൂൎയ്യൻ ഹിന്ദുക്കൾക്കും മുസ്ലിങ്ങൾക്കും ഒന്നു തന്നെ—ചന്ദ്രികയും അതുപോലെ പക്ഷഭേദം കൂടാതെ എല്ലാവരുടെ അങ്കണങ്ങളിലും വീശുന്നുണ്ട്— വായുവും സൎവ്വരേയും ഒരുപോലെ ശുശ്രൂഷിക്കുന്നു. പിന്നെ ഇവയുടെ എല്ലാം സൃഷ്ടാവിന്നു വല്ല പക്ഷപാദിത്വവുമുണ്ടാകുമോ? എന്നു ഞാൻ എൻെറ മുത്തശ്ശിയോടു പലപ്പോഴും ചോദിക്കാറുണ്ടായിരുന്നു. എന്നാൽ അവർ ഒരു മുഴുത്ത "വിഗ്രഹാരാധനക്കാരി"യായിരുന്നു. അതുകൊണ്ടായിരിക്കാം അവർ എൻെറ ബാലിശമായ ചോദ്യങ്ങളെ വകവെക്കാഞ്ഞതു്? എന്നാൽ എൻെറ കുഡുംബങ്ങൾ "ലഹളക്കാരെപ്പററി" സംസാരിച്ചിരുന്നപ്പോൾ എല്ലാം ഞാൻ രഹസ്യമായി പ്രാൎത്ഥിച്ചിട്ടുണ്ട്. ആ പ്രാൎത്ഥന ഏകദേശം ഇങ്ങിനെയായിരുന്നു. ഹേ! ദൈവമേ! നിൻെറ മക്കൾ തമ്മിൽ തമ്മിൽ പടവെട്ടുന്നതു നീ തന്നെ നിൎത്തുക. എന്തുകൊണ്ടു നീ വന്നു മനുഷ്യരോടു പടവെട്ടേണ്ടാ എന്നു ഉപദേശിക്കുന്നില്ല! ഹേ ദൈവമേ! വേഗം വരിക. ഈ മനുഷ്യരെ പഠിപ്പിക്കുക! എന്നാൽ ഇപ്പോൾ ഞാൻ അറിയുന്നു. ദൈവം അങ്ങിനെ വരികയില്ലെന്നു. ദൈവം മഹാപുരുഷന്മാരുടെ ഹൃദയസരോജങ്ങളിൽ മാത്രമാണ് നിലയിറങ്ങുന്നതു്.

വേദോപദിഷ്ടാക്കളായ ഋഷിമാരിലും യേശുക്രിസ്തു, മുഹമ്മദ് നബി, ബുദ്ധൻ തുടങ്ങിയ മഹാന്മാരുടെ ഹൃദയമന്ദിരങ്ങളിലും ദൈവം പ്രകാശിച്ചു. അവരെല്ലാം ലോക സമാധാനത്തിന്നായി പ്രാൎത്ഥിച്ചു. ദൈവത്തിന്നു മാത്രമെ "സമാധാനം" നല്കുവാൻ സാധിക്കയുള്ളു. നാം എത്ര തന്നെ ശ്രമിച്ചാലും നമുക്കു സമാധാനം ലഭിക്കയില്ല. എത്ര വലിയ തത്വജ്ഞനേയും കഷ്ടാരിഷ്ടതകളുടെ ഭയങ്കരത്വത്തിൽ തരിപ്പണമായിപ്പോവും. ദുരിത വൎത്തമാനങ്ങൾ ഏതു തത്വജ്ഞാനിയുടേയും ഹൃദയം കലക്കും. ദൈവത്തിൻെറ സമാധാനം ലഭിച്ച ഹൃദയം മാത്രമെ കഷ്ടാരിഷ്ടതകളുടേയും ദുരിതങ്ങളുടേയും മദ്ധ്യേ പ്രശാന്ത മനോഹരമായി ലാലസിക്കുകയുള്ളു. സ്വന്തം ഹൃദയ സിംഹാസനം ദൈവത്തിന്നായി ഒഴിഞ്ഞുകൊടുത്തിട്ടുള്ള ഭക്താഗ്രണികൾ മാത്രമെ ഈ ലോകത്തിൽ സമാധാനമുള്ളു. മററാൎക്കും സമാധാനം ഇല്ല തന്നെ. ഇങ്ങിനെ വ്യക്തികൾ സമാധാന സംപൂൎണ്ണരായാൽ സമുദായവും തദ്വാരാ ലോകവും സമാധാനത്തിലെത്തുന്നതാണ്. അതുകൊണ്ട് ഇന്നത്തെ ലോകം അത്യധികമായി ആവശ്യപ്പെടുന്നതു് "ഈശ്വരീയജ്ഞാനവും ഭക്തിയുമാകുന്നു." വിശുദ്ധ ഖുറാനിൽ ഇങ്ങിനെ കാണുന്നു:—

ദൈവീക സമാധാനം കൊണ്ടു ശാന്തതയെ പ്രാപിച്ച ആത്മാവെ! നിൻെറ രക്ഷിതാവിങ്കലേക്ക് നീ അവനിൽ സംതൃപ്തനായിട്ടും അവൻ നിന്നിൽ സന്തുഷ്ടനായിട്ടും മടങ്ങുക; എൻെറ ദാസന്മാരുടെ കൂട്ടത്തിൽ ചേരുകയും എൻെറ സ്വൎഗ്ഗത്തിൽ പ്രവേശിക്കയും ചെയ്ക." (89 28. 30)

ഏതൊരു വ്യക്തി സ്വന്തം ഹൃദയത്തിൽ ദൈവത്തെ കണ്ടുകൊണ്ടിരിക്കുന്നുവോ അവന്നു മാത്രമെ സമാധാനമുള്ളു, മററാൎക്കും സമാധാനമില്ല.

(കഠോപനിഷത്തു്) തുടരും.

നെ അറസ്റ്റ് ചെയ്തു. അയാൾ ഓടാൻ ഭാവിച്ചു. പക്ഷെ സാധിച്ചില്ല. അയാളെ 'ലാക്കപ്പി'ലാക്കി ജഡം പോലീസ് സ്റ്റേഷനിൽ സൂക്ഷിച്ചു. നേരം പ്രഭാതമായതോടുകൂടി സ്റ്റേഷൻ വളപ്പിൽ ആളുകൾ കൂട്ടംകൂടി. കൊലപാതകിയെ വെളിക്കുകൊണ്ടുവന്നു. അയാൾ പേടിച്ചു വിറക്കുന്നുണ്ടായിരുന്നു. ഘാതകനെ കണ്ടഉടനെ ആളുകൾ ആൎത്തുവിളിച്ചു. "ഇതു് കിട്ടുണ്ണിനായരല്ലേ" എന്നു അവർ വിളിച്ചു പറഞ്ഞു. കിട്ടു വിഷമിച്ചു. അയാൾ ജഡത്തെ സൂക്ഷിച്ചുനോക്കി. കിട്ടുണ്ണിനായർ ബോധംകെട്ടു വീണു. കഷ്ടം! കൊച്ചു കുഞ്ഞിനെയല്ലാ, രാമൻനായരെ ആയിരുന്നു കുത്തിക്കൊന്നതു്. നോക്കണേ, നിയതിയുടെ ഗതി!!

——೦——



വല്ലഭായി പട്ടേൽ

കോൺഗ്രസ് പാർലിമെൻററി ബോർഡ് പ്രസിഡൻറ് എന്നനിലയിൽ കോൺഗ്രസ്സിന് നിയമസഭകളിൽ ഭൂരിപക്ഷം സ്ഥാനങ്ങളും ലഭിക്കുന്നതിന്നായി അവിശ്രമം പണിയെടുത്തു ഫലപ്രാപ്തിയിൽ വരുത്തിയതിനുശേഷം ഇപ്പോൾ പാർലിമെൻററി ബോർഡ് പിരിച്ചുവിട്ടിരിക്കുന്നു.

## വൃത്താന്തപത്രങ്ങൾ വായിക്കുക.

**മി. ഹെൻറി ഫോർഡിൻെറ അഭ്യൎത്ഥന.**

വൃത്താന്ത പത്രങ്ങൾ വായിക്കാതെ ആധുനികകാലങ്ങളിൽ ജീവിതം കഴിച്ചു കൂട്ടുന്ന ഒരുവൻ കേവലം മൃഗപ്രായനാണെന്നാണ് സുപ്രസിദ്ധ മോട്ടോർ വ്യവസായ പ്രവൎത്തകനായ മി. ഹെൻറി ഫോർഡ് പ്രസ്താവിക്കുന്നതു്. വൃത്താന്തപത്രങ്ങൾക്കു വിദ്യാഭ്യാസപരമായും സാംസ്കാരികമായും നിസ്തുല്യമായ ഒരു സ്ഥാനം ഉണ്ടെന്നു അദ്ദേഹം വിശ്വസിക്കുന്നു. ഉയൎന്ന വിദ്യാഭ്യാസം ലഭിക്കാത്തവൎക്കും അവർ പതിവായി വൃത്താന്തപത്രങ്ങൾ വായിച്ചുകൊണ്ടിരുന്നാൽ അത്യത്ഭുതകരമാംവണ്ണം ബുദ്ധിവികാസം ലഭിക്കുന്നതാണെന്നു മി. ഫോർഡ് വിശ്വസിക്കുന്നു. മി. ഫോർഡ് ദിവസേന രണ്ടു മണിക്കൂർ വൃത്താന്തപത്രപാരായണത്തിൽ ഏൎപ്പെടാറുണ്ട്.

# BLUNDERING OVER INDIA

:o:

## MR. SASTRI'S SCATHING INDICTMENT

## REFUSAL OF ASSURANCE CRITICISED

The Rt. Hon. V. S. Srinivasa Sastri, in a statement to THE HINDU, says:

All that has been said and written in defence of the Congress demand for an assurance from the Governors fails to convince me that the step was either necessary or prudent. Fresh from a resounding victory at the polls and conscious of their strength, Congress Ministers could well have gone to work for the benefit of the people and waited until the other side opened fire. Rightly or wrongly, wrongly according to the clear judgment of the political parties in India, the Act gives discretionary powers to the heads of Local Governments. They need not be there: but they are there. A discretionary power may be used or may not be used. A wise Governor will use it sparingly and in fortunate circumstances may avoid it altogether. But to say beforehand that he will not use it at all in any circumstances is to act as though the power did not exist: in other words, to change the tenor of the constitution in an important particular.

The demand, however, having been made by the Congress, was it not proper to allow each local Governor full liberty to negotiate with the Leader with whom he had to deal? The general policy of office acceptance having been decided upon, the potential Chief Minister in each province could have been trusted to obtain what he sought in the manner and in the terms that suited local conditions best. Instead, the events of the last few days have shown that neither Governor nor popular leader had sufficient freedom of action. The Government of India or the Secretary of State seem to have taken up a non-possumus attitude and directed each Governor as politely and as smoothly as possible to refuse compliance.

### DEVISING A FORMULA

I cannot believe that the law as it stands prevent the adoption of a wise and liberal policy. The ingenuity of lawyers is quite equal to the task of devising a formula which would have saved the scope and tenor of the law, while giving to the Congress cabinets the security from interference which they desired. The resolution of the A. I. C. C., on the other hand, should not have been interpreted so rigidly as to prevent a local leader from giving to his Governor the assurance that he has not seeking a covert extension of the Act or diminution of the status of Governor. If it was to be a Gentleman's Agreement the two High Commands ought not to have tied the hands of the gentlemen who were to agree.

### COUNTRY NOT TO SUBMIT QUIETLY

It is particularly lamentable that Whitehall and Delhi should be so blind in their conservatism as not to see what is so abundantly clear that the country has made up its mind not to submit quietly to the Government of India Act and its restrictions and that, if the growth from the present position to a larger measure of democracy is to be easy and safe, the right course for Government is to be generous in the interpretation and operation of an enactment which, both on its merits and by the provoking circumstances in which it was brought into being, has trampled on their own pledges and on the wishes of the Indian people. History proclaims that a large electorate roused to a sense of its power would expect its decisions to be treated with respect and consideration. To flout them and try to carry on the King's Government in defiance of their clear mandate is not merly to exasperate them, but greatly to increase their strength and their determination to fight the constitutional struggle to the finish.

It is an elementry proposition, but it apparently needs to be repeated, that if you wish to weaken a party you must put them in office and let them make mistakes, disappoint expectations and fall short in performance of their promises. To with hold from the Congress the opportunities necessary to prove the merits of its policy and to test its strength and its weakness and consign it to the shades of opposition is even from the narrow standpoint of Government, only to put more and more power into its hands and make the task of administration full of difficulties and frustrations.

### A GRAVE WARNING

An Interim Administration seeking to strengthen itself by adopting some parts of the policy of the Congress will only discredit itself. Sensible people will argue that if the Congress out of office could effect so much good, the people could not do better than try and put it in office as soon as possible. To steal another person's clothes is a game that has often been tried in politics, but it is soon exposed and brings shame and punishment to the players.

Since the third Round Table Conference the so-called National Government of Britain has only been blundering disastrously in its treatment of India. The story of Ireland has taught it nothing. The perverseness of its Indian policy can only be measured when the outbreak of the next World War shows the extent to which the loyalty of the people has been alienated.

## അമേരിക്കൻ
# ഹോമിയോപ്പതി
## ഔഷധങ്ങൾ

ഹോമിയോ ഔഷധങ്ങൾ, ടാണിക്കുകൾ, ഗുളികകൾ, സ്പെസിഫിക്ക്സ്, കുപ്പികൾ മുതലായവ മൊത്തമായും ചില്ലറയായും വില്ക്കുന്നതാണ്.

**ഹോമിയോപ്പതി ഡിപ്പാട്ട്മെൻറ്,**

**ദി കൽകത്താ മെഡിക്കൽ ഹാൾ**

**കൊച്ചി.**

## For Virility, Vitality and Viability

*Use Unparalleled aphrodisiac*

# SEXOGEN

MAKES THE OLD YOUNG AND THE YOUNG YOUNGER.
YOUR HOME A PARADISE

**Rs. 5 per Bottle**

**The Calcutta Medical Hall & Pharmacy**
COCHIN.

# LAXIN

LAXIN is the ideal laxative Chocolate.

LAXIN is pleasant in taste, Persuasive in action, and perfect in result.

LAXIN is an entro-tonic and excellent appetiser.

LAXIN is purely a laxative, not a purgative or Cathartic.

LAXIN generally stimulates the bowels to natural action and induces regular and normal functioning without the risk of habit forming.

LAXIN is equally good for men and women for old and young.

LAXIN has been used and approved by leading medical men.

**Insist on Laxin. It costs you only 0-2-0 per Bottle.**
(Special rates for stockists)

Dose—Children $\frac{1}{4}$ to $\frac{1}{2}$ tola.

Adults $\frac{1}{2}$ to 1 tola.

☞ Either at bed-time or early morning.

Obtainable of all chemists or from Manufacturers:-

**THE CALCUTTA MEDICAL HALL,**
**Cochin**

സൌജന്യം! സൌജന്യം!!

ഒരു കൊല്ലത്തെയൊ ആറു മാസത്തെയൊ വരിസംഖ്യ മുൻകൂർ അയച്ചുതന്ന് ഏപ്രിൽ മാസം 30-ാംനു-ക്കുള്ളിൽ വരിക്കാരായി ചേരുന്നവർക്കു താഴെ വിവരിക്കുന്ന ആറു പുസ്തകങ്ങൾ സൌജന്യമായി അയച്ചുകൊടുക്കുന്നതാണ്.

പുസ്തക വിവരം.

1. ഈഴവർക്കു നല്ലതു ഇസ്ലാം.
2. അദ്ധ്യക്ഷ പ്രസംഗം (ജനാബ്. ഇസ്മായിൽ ഹാജി ഈസാ സേട്ടു.)
3. ഞാൻ ഒരു മുസൽമാനാകുന്നു (ഡാക്ടർ കമാൽ പാഷാ തയ്യിൽ)
4. Message of Islam, )By F.K. Khan Durrani B. A., Editor, The Truth, Lahore.)
5. The way to Freedom, (By F. K. Khan Durrani, B. A., Editor, The Truth Lahore.)
6. Presidential Address. (Al-Haj Lord Headley.)

നിരാശപ്പെടാതിരിക്കുവാൻ ഉടനെ അപേക്ഷിക്കുക:

വരിസംഖ്യ

| | | |
|---|---|---|
| അഞ്ചലിൽ | കൊല്ലത്തിൽ | ക. 4. |
| തപാലിൽ | ” | ക. 5. |
| ഇന്ത്യക്കുപുറമെ | ” | ക. 6 |

മാനേജർ,
പ്രകാശം, കൊച്ചി.

പത്രാധിപർ:— ഡാക്ടർ കമാൽ പാഷാ തയ്യിൽ

# പ്രകാശം

| പുസ്തകം 3 | കൊച്ചി 1937 ഏപ്രിൽ 4-ാംനു-ക്ക 1112 മീനം 22-ാംനു ഞായറാഴ്ച. | ലക്കം 13. |
|---|---|---|

ഞായറാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നു.

മുഖചിത്രം.

---

മലബാർ മുസ്ലിം നിയോജക മണ്ഡലത്തിൽ നിന്നും മദ്രാസ് ഉപരി മണ്ഡലത്തിലേക്ക തെരഞ്ഞെടുക്കപ്പെട്ട ജനാബ് സി. പി മമ്മുക്കേയി അവർകൾ.

TO INCREASE YOUR VOLUME OF TRADE

**ADVERTISE IN**

**"PRAKASAM"**

It Reaches Everywhere & Every Body Welcomes It. Prakasam Is Peoples' Paper

*For Tariff & Contract rates Apply to:-*

**The Manager,**

**Prakasam, COCHIN.**

## ദി സെലക്ട് ടോക്കീസ്

ലോകത്തിലെ ഏറ്റവു വലിയം വാദപ്രതിവാദ വിഷയം!

പ്രതിദിനം രണ്ടു കളികൾ    മീനം 21-ാംനു മുതൽ 4 ദിവസത്തേക്കുമാത്രം    കൃത്യം 7-15നും 10-30നും

### എന്തിന്ന വിവാഹം ചെയ്യുന്നു?

ഒരു ലേഡി ഡോക്ടറിന്റെ രഹസ്യ ജീവിത രീതിയെ പ്രദ്യോതിപ്പിക്കുന്ന രസാവഹ ചിത്രം!

പരിഷ്കാരത്തിന്റെ പരമ കാഷ്ഠയെ പ്രാപിച്ചിരിക്കുന്ന ഈ നൂതനകാലത്തിലെ ഏതൊരു യുവതീ യുവാക്കന്മാരും ദർശിക്കേണ്ട മഹനീയമായ കഥാസാരത്താൽ അത്യന്തം നയനാഭിരാമവും, സൌന്ദര്യ സംഗീതാദികളാൽ വിശ്വ വിശ്രുതി സമ്പാദിച്ച

മിസ്സ്. സബിതാദേവി, മാസ്റ്റർ. മോട്ടീലാൽ,

മുതൽപേർ വിശേഷമായി അഭിനയിച്ചിട്ടുള്ളതുമായ ഏക ഹിന്ദി ടോക്കി

### ഡാക്ടർ മധുരിക

Edited Printed & Published by Dr; Kamal Pasha Thail. at the Janaki Printing Works, Cochin.